
ട്യൂബ് ലൈറ്റുകൾക്ക് അത്യുജ്ജ്വല പ്രകാശം

VIDEON
ELECTRONIC CHOKE


# മാതൃഭൂമി

PA

MATHRUBHUMI, THE NATIONAL DAILY IN MALAYALAM
PUBLISHED FROM KOZHIKODE, KOCHI, THIRUVANANTHAPURAM, THRISSUR, KANNUR AND KOTTAYAM
പുസ്തകം 1 ലക്കം 38 Kottayam Wednesday June 21 1995 - കോട്ടയം 1995 ജൂൺ 21 ബുധൻ പേജ് 12 വില രൂപ 2.25



ടി.വി.യിൽ ചിത്രങ്ങൾക്ക് മിഴിവേകുവാൻ
VIDEON
TV BOOSTER

## മലങ്കര സഭയിൽ വ്യവഹാര ചരിത്രം നീളുന്നു

സ്വന്തം ലേഖകൻ

ദില്ലി: മലങ്കര യാക്കോബായ സഭാ ചരിത്രം കീഴ്‌ക്കോടതി മുതൽ സുപ്രീം കോടതിവരെ നീണ്ടു പോയിട്ടുള്ള വ്യവഹാരങ്ങളുടെ ചരിത്രം കൂടിയാണ്.

ചൊവ്വാഴ്ചയുണ്ടായ വിധിയോടെയെങ്കിലും പ്രശ്നങ്ങൾക്ക് അന്തിമമായ തീർപ്പുണ്ടായി എന്ന് കരുതാനാവില്ല. അതിൽനിന്നും വ്യവഹാരത്തിന്റെ വേരുകൾ ഇനിയും പൊട്ടിമുളയ്ക്കും. 1958—ലാണ് സുപ്രീംകോടതിയിൽ നിന്ന് സുപ്രധാനമായ ഒരു വിധി ഏറ്റവും ഒടുവിൽ ഉണ്ടായിട്ടുള്ളത്. എന്നിട്ടും സഭയുടെ തർക്കങ്ങൾ പരിഹരിക്കപ്പെട്ടിരുന്നില്ല.

അനിശ്ചിതമായി നീളുന്ന ഒരു പ്രതിഭാസമാണ് സഭയിലെ കാതോലിക്ക പക്ഷവും പാത്രിയാർക്കീസ് പക്ഷവും തമ്മിലുള്ള തർക്കങ്ങൾ. തിരുവിതാംകൂർ ഹൈക്കോടതിയിൽനിന്ന് മുമ്പ് ഉണ്ടായിട്ടുള്ള വിധികൾക്ക് നിയമഗ്രന്ഥങ്ങളിൽ അപൂർവമായ സ്ഥാനം ലഭിച്ചിട്ടുണ്ട്.

എ.ഡി. 37 ലാണ് അന്ത്യോഖ്യായിൽ സിറിയൻ ഓർത്തഡോക്സ് സഭ രൂപീകരിച്ചത്. പാത്രിയാർക്കീസായിരുന്നു സഭാതലവൻ.

20—ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ 1911—ൽ അബ്ദുള്ള പാത്രിയാർക്കീസ് മലങ്കരയിൽ വന്നു. അദ്ദേഹം അന്നത്തെ മലങ്കര മെത്രാപ്പോലീത്തയായിരുന്ന ഗീവർഗീസ് ദിവന്നാസിയോസിനെ സമുദായത്തിൽനിന്നും പുറത്താക്കി. അതോടെ മലങ്കര സഭ രണ്ടായി പിളർന്നു.

1912—ൽ കാതോലിക്കാ കക്ഷിക്കാർ അബ്ദുൾ മശിഹാ പാത്രിയാർക്കീസിന്റെ നേതൃത്വത്തിൽ അണിനിരന്നപ്പോൾ കാതോലിക്കായ്ക്ക് പാത്രിയാർക്കീസിന്റെ അധികാരങ്ങൾ ലഭിച്ചു. അതോടെ ഇരു വിഭാഗവും തമ്മിലുള്ള തർക്കങ്ങൾക്ക് മൂർച്ചയേറി.

മലങ്കരസഭയിലുള്ള 1064 ഇടവകപള്ളികളാണ് തർക്ക വിഷയമായി 1974—ൽ സുപ്രധാന വ്യവഹാരമായി തീർന്നത്. ഇടവക പള്ളികൾ മലങ്കര സഭയുടെ ഭാഗമാണെന്നും അവ 1934—ൽ സഭ പാസാക്കിയെന്ന് പറയപ്പെടുന്ന ഭരണഘടന അനുസരിച്ച് ഭരിക്കപ്പെടണമെന്നും പ്രസ്തുത ഭരണഘടന അനുസരിച്ച് സഭയുടെ ആത്മീയ, വൈദീക, ലൗകിക അധികാരങ്ങൾ മലങ്കര മെത്രാപ്പോലീത്തക്കാണെന്നും സഭ സ്വതന്ത്രമായി പ്രവർത്തിക്കുന്ന തലവനായ കാതോലിക്കായുടെ കീഴിൽ ആണെന്നും വാദിച്ചുകൊണ്ടാണ് അത് സ്ഥാപിച്ചു കിട്ടുന്നതിനായി കാതോലിക്കാ വിഭാഗം കോട്ടയം ജി

(ശേഷം 6—ാം പേജ് 5—ാം കോളം)

## റബ്ബർ ഇറക്കുമതി ലൈസൻസ് പിൻവലിക്കണം —കേരളം

സ്വന്തം ലേഖകൻ

തിരുവനന്തപുരം: റബ്ബർ ഇറക്കുമതിക്ക് നൽകിയിട്ടുള്ള ലൈസൻസ് പിൻവലിക്കണമെന്ന് സംസ്ഥാന ഗവണ്മെന്റ് കേന്ദ്രത്തോടഭ്യർഥിച്ചു. റബ്ബറിന്റെ ഇറക്കുമതി പൂർണമായും നിർത്തിവെയ്ക്കണമെന്ന് കേന്ദ്ര വാണിജ്യസഹമന്ത്രി പി. ചിദംബരത്തിനയച്ച സന്ദേശത്തിൽ കൃഷിമന്ത്രി പി.പി. തങ്കച്ചൻ ആവശ്യപ്പെട്ടു. റബ്ബറിന്റെ കുത്തനെയുള്ള വിലയിടിവിൽ മന്ത്രി ശക്തിയായ ഉത്കണ്ഠ പ്രകടിപ്പിച്ചു.

ഡ്യൂട്ടി ഇളവോടെ വൻതോതിൽ റബ്ബർ ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര ഗവണ്മെന്റിന്റെ നീക്കത്തിൽ കേരളത്തിലെ റബ്ബർ കർഷകരുടെ ഉത്കണ്ഠ കേന്ദ്രമന്ത്രിയെ അറിയിച്ചിരുന്നു. കർഷകർക്ക് ദ്രോഹകരമായ രീതിയിൽ റബ്ബർ വില ഇടിയാൻ അനുവദിക്കുകയില്ലെന്ന് മന്ത്രി ചിദംബരം ഉറപ്പ് നൽകിയിരുന്നതായും തങ്കച്ചൻ പറഞ്ഞു.

## മലങ്കര സഭാ ഭരണഘടന സാധു; ആനുപാതിക പ്രാതിനിധ്യത്തിന് ഭേദഗതി വേണം

പ്രത്യേക ലേഖകൻ

ദില്ലി: മലങ്കര സഭാ അസോസിയേഷന്റെ ഭരണഘടന സാധുവാണ് എന്ന് സുപ്രീം കോടതി ഡിവിഷൻ ബെഞ്ച് ചൊവ്വാഴ്ച വിധി പ്രസ്താവിച്ചു. ഇടവകകളിലെ ജനസംഖ്യക്ക് ആനുപാതികമായി സഭയിൽ പ്രാതിനിധ്യം നൽകുന്നതിന്ന് ഭരണഘടന ഭേദഗതി ചെയ്യണമെന്നും സുപ്രീം കോടതി ഭൂരിപക്ഷ വിധിന്യായപ്രകാരം നിർദേശിച്ചു. ഇതുസംബന്ധിച്ച് പാത്രിയാർക്കിസ് വിഭാഗവും കാതോലിക്കാ വിഭാഗവും യോഗം ചേർന്നു മൂന്നു മാസത്തിനുള്ളിൽ കോടതിയെ അറിയിക്കണമെന്നും ഭൂരിപക്ഷ വിധി നിർദേശിച്ചു. കോടതി വീണ്ടും ചേർന്ന് അതുസംബന്ധിച്ച നിർദേശം പിന്നീട് നൽകും.

ജസ്റ്റിസ് എസ്.സി. സെന്നും, ബി.പി. ജീവൻ റെഡ്ഡിയും ചേർന്നതാണ് ഭൂരിപക്ഷ വിധി. ജസ്റ്റിസ് ആർ.എം. സഹായിയുടെ ഒറ്റയ്ക്കുള്ള വിധിന്യായത്തിൽ ഇടവക പ്രാതിനിധ്യം സംബന്ധിച്ച് ഭേദഗതി ആവശ്യമില്ല എന്നാണ് അഭിപ്രായപ്പെട്ടിരിക്കുന്നത്. ഭൂരിപക്ഷ വിധിന്യായവും ന്യൂനപക്ഷ വിധിന്യായവും തമ്മിലുള്ള ഭിന്നത ഇതാണ്.

മലങ്കര സഭാ അസോസിയേഷൻ ഭരണഘടന സാധുവാണ് എന്ന വിധി കാതോലിക്കാ വിഭാഗത്തിനും ഭരണഘടന ഭേദഗതി ചെയ്യണമെന്ന വിധി പാത്രിയാർക്കിസ് വിഭാഗത്തിനും ജയമാണ് എന്ന വ്യാഖ്യാനിക്കപ്പെടുന്നു. മലങ്കരസഭയിൽ കാതോലിക്കാ വിഭാഗത്തിന്റെ ആത്മീയാധികാരത്തെ വിധി ഉയർത്തിപ്പിടിച്ചിട്ടുണ്ട്. അതേ സമയം, പാത്രിയാർക്കിസും കാതോലിക്കായും ഒന്നിന് ഒന്നു താഴെയോ മേലെയോ അല്ലാ എന്നും വിധി പറയുന്നു. മലങ്കര സഭയിൽ പാത്രിയാർക്കിസിന്റെ അധികാരം സഭാ ഭരണഘടനക്കു വിധേയമാണ്.

സഭാ തർക്കം സംബന്ധിച്ച് നേരത്തെ തീരുമാനിച്ച ചില കാര്യങ്ങൾ സാധുവാണ് എന്ന് സുപ്രീം കോടതി വിധിച്ചു. 1934ൽ മലങ്കര അസോസിയേഷൻ അംഗീകരിച്ച ഭരണഘടന സാധുവാണ് എന്നതാണ് ഒരു തീരുമാനം. പാത്രിയാർക്കിസ് വിഭാഗം വിളിച്ചുകൂട്ടിയ സുന്നഹദോസ്സ് ശരിയല്ല എന്നതാണ് മറ്റൊരു തീരുമാനം. പാത്രിയാർക്കിസിന്റെ ആത്മീയാധികാരം സഭാ ഭരണഘടനയ്ക്കനുസൃതമാണ് എന്നതും ഒരു തീരുമാനമാണ്. പാത്രിയാർക്കിസും കാതോലിക്കായും തമ്മിലുള്ള ബന്ധം സഭാ ഭരണഘടനാനുസൃതമായിരിക്കും എന്ന് കോടതി വിധിച്ചു.

ഇടവകയിലെ ജനസംഖ്യക്ക് ആനുപാതികമായി സഭാ അസോസിയേഷനിൽ പ്രാതിനിധ്യം വേണം എന്ന വിധിയെ പാത്രിയാർക്കിസ് വിഭാഗം വളരെ സന്തോഷത്തോടെയാണ് സ്വീകരിക്കുന്നത്. 100 പേർ ഉള്ള പള്ളികളും 1000 പേരുള്ള പള്ളികളും സഭയിലുണ്ട്. ജനസംഖ്യ കണക്കിലെടുക്കാതെ ഓരോ പള്ളിയിൽ നിന്നും 3 പേർ വീതമാണ് ഇപ്പോൾ പ്രതിനിധികളായി സഭയിലേക്കു ചെല്ലുന്നത്. 1065 പള്ളികളാണ് സഭയിലുള്ളത്.

ക്നാനായ വിഭാഗത്തിന്റെ ആത്മീയാധിപൻ പാത്രിയാർക്കിസ് ആ

(ശേഷം 6—ാം പേജ് 6—ാം കോളം)



ട്യൂബ് ലൈറ്റുകൾക്ക് അത്യുജ്ജ്വല പ്രകാശം



VIDEON
ELECTRONIC CHOKE

മാതൃ

MATHRUBHUMI, THE NATIONAL DAI
PUBLISHED FROM KOZHIKODE, KOCHI, THIRUVANANTHAPUR
പുസ്തകം 1 ലക്കം 38 Kottayam Wednesday June 21 1995 - കോട്ടയം

# മലങ്കര സഭയിൽ വ്യവഹാര ചരിത്രം നീളുന്നു

സ്വന്തം ലേഖകൻ

ദില്ലി: മലങ്കര യാക്കോബായ സഭാ ചരിത്രം കീഴ്ക്കോടതി മുതൽ സുപ്രിം കോടതിവരെ നീണ്ടു പോയിട്ടുള്ള വ്യവഹാരങ്ങളുടെ ചരിത്രം കൂടിയാണ്.

ചൊവ്വാഴ്ചയുണ്ടായ വിധിയോടെയെങ്കിലും പ്രശ്നങ്ങൾക്ക് അന്തിമമായ തീർപ്പുണ്ടായി എന്ന് കരുതാനാവില്ല. അതിൽനിന്നും വ്യവഹാരത്തിന്റെ വേരുകൾ ഇനിയും പൊട്ടിമുളയ്ക്കും. 1958–ലാണ് സുപ്രിംകോടതിയിൽ നിന്ന് സുപ്രധാനമായ ഒരു വിധി ഏറ്റവും ഒടുവിൽ ഉണ്ടായിട്ടുള്ളത്. എന്നിട്ടും സഭയുടെ തർക്കങ്ങൾ പരിഹരിക്കപ്പെട്ടിരുന്നില്ല.

അനിശ്ചിതമായി നീളുന്ന ഒരു പ്രതിഭാസമാണ് സഭയിലെ കാതോലിക്ക പക്ഷവും പാത്രിയാർക്കീസ് പക്ഷവും തമ്മിലുള്ള തർക്കങ്ങൾ. തിരുവിതാംകൂർ ഹൈക്കോടതിയിൽനിന്ന് മുമ്പ് ഉണ്ടായിട്ടുള്ള വിധികൾക്ക് നിയമഗ്രന്ഥങ്ങളിൽ അപൂർവമായ സ്ഥാനം ലഭിച്ചിട്ടുണ്ട്.

എ.ഡി. 37 ലാണ് അന്ത്യോഖ്യായിൽ സിറിയൻ ഓർത്തഡോക്സ് സഭ രൂപീകരിച്ചത്. പാത്രിയാർക്കീസായിരുന്നു സഭാതലവൻ.

20–ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ 1911–ൽ അബ്ദുള്ള പാത്രിയാർക്കീസ് മലങ്കരയിൽ വന്നു. അദ്ദേഹം അന്നത്തെ മലങ്കര മെത്രാപ്പോലീത്തയായിരുന്ന ഗീവർഗീസ് ദിവന്നാസിയോസിനെ സമുദായത്തിൽനിന്നും പുറത്താക്കി. അതോടെ മലങ്കര സഭ രണ്ടായി പിളർന്നു.

1912–ൽ കാതോലിക്കാ കക്ഷിക്കാർ അബ്ദുൾ മിശിഹാ പാത്രിയാർക്കീസിന്റെ നേതൃത്വത്തിൽ അണിനിരന്നപ്പോൾ കാതോലിക്കാസ്ഥ് പാത്രിയാർക്കീസിന്റെ അധികാരങ്ങൾ ലഭിച്ചു. അതോടെ ഇരു വിഭാഗവും തമ്മിലുള്ള തർക്കങ്ങൾക്ക് മൂർച്ഛയേറി.

മലങ്കരസഭയിലുള്ള 1064 ഇടവകപള്ളികളാണ് തർക്ക വിഷയമായി 1974–ൽ സുപ്രധാന വ്യവഹാരമായി തീർന്നത്. ഇടവക പള്ളികൾ മലങ്കര സഭയുടെ ഭാഗമാണെന്നും അവ 1934–ൽ സഭ പാസാക്കിയെന്ന് പറയപ്പെടുന്ന ഭരണഘടന അനുസരിച്ച് ഭരിക്കപ്പെടണമെന്നും പ്രസ്തുത ഭരണഘടന അനുസരിച്ച് സഭയുടെ ആത്മീയ, വൈദീക, ലൗകിക അധികാരങ്ങൾ മലങ്കര മെത്രാപ്പോലീത്തക്കാണെന്നും സഭ സ്വതന്ത്രമായി പ്രവർത്തിക്കുന്ന തലവനായ കാതോലിക്കായുടെ കീഴിൽ ആണെന്നും വാദിച്ചുകൊണ്ടാണ് അത് സ്ഥാപിച്ചു കിട്ടുന്നതിനായി കാതോലിക്കാ വിഭാഗം കോട്ടയം ജി

(ശേഷം 6–ാം പേജ് 5–ാം കോളം)

# റബ്ബർ ഇറക്കുമതി ലൈസൻസ് പിൻവലിക്കണം —കേരളം

സ്വന്തം ലേഖകൻ

തിരുവനന്തപുരം: റബ്ബർ ഇറക്കുമതിക്ക് നൽകിയിട്ടുള്ള ലൈസൻസ് പിൻവലിക്കണമെന്ന് സംസ്ഥാന ഗവണ്മെൻറ് കേന്ദ്രത്തോടഭ്യർഥിച്ചു. റബ്ബറിന്റെ ഇറക്കുമതി പൂർണമായും നിർത്തവെയ്ക്കണമെന്ന് കേന്ദ്ര വാണിജ്യസഹമന്ത്രി പി. ചിദംബരത്തിനയച്ച സന്ദേശത്തിൽ കൃഷിമന്ത്രി പി.പി. തങ്കച്ചൻ ആവശ്യപ്പെട്ടു. റബ്ബറിന്റെ കുത്തനെയുള്ള വിലയിടിവിൽ മന്ത്രി ശക്തിയായ ഉത്കണ്ഠ പ്രകടിപ്പിച്ചു.

ഡ്യൂട്ടി ഇളവോടെ വൻതോതിൽ റബ്ബർ ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര ഗവണ്മെൻറിന്റെ നീക്കത്തിൽ കേരളത്തിലെ റബ്ബർ കർഷകരുടെ ഉത്കണ്ഠ കേന്ദ്രമന്ത്രിയെ അറിയിച്ചിരുന്നു. കർഷകർക്ക് ദ്രോഹകരമായ രീതിയിൽ റബ്ബർ വില ഇടിയാൻ അനുവദിക്കുകയില്ലെന്ന് മന്ത്രി ചിദംബരം ഉറപ്പ് നൽകിയിരുന്നതായും തങ്കച്ചൻ പറഞ്ഞു.

# മല

ദില്ലി:
യോഷൻ
എന്ന് സ
ബെഞ്ച്
ച്ചു. ഇട
ആനുപാ
നിധ്യം ന
ഭേദഗതി
കോടതി
കാരം നി
ച്ച് പാ
കാതോല
ചേർന്നു
കോടതി
രിപക്ഷ
തി വീ

# ചൂട്: മരിച്ചവർ 566

ദില്ലി: രാജസ്ഥാനിലും മധ്യപ്രദേശിലും രൂക്ഷമായി തുടരുന്ന ചൂടിൽ 29 പേർകൂടി മരിച്ചു. അതോടെ ഈ വേനലിൽ ചൂടുകാരണം മരിച്ചവരുടെ എണ്ണം 566 ആയി. അതേസമയം, ഉത്തരേന്ത്യയിൽ പലേടത്തും കാലവർഷത്തിന്റെ മുന്നോടിമഴകൾ കാണം താപനില താണു.

കഴിഞ്ഞ നാലു ദിവസങ്ങളിൽ മധ്യപ്രദേശിൽ ചൂടു കാരണം 26 മരണമുണ്ടായി. നൂറിലേറെ പേർ ആസ്പത്രികളിലുണ്ട്.

ദില്ലിയിൽ കഴിഞ്ഞ 24 മണിക്കൂറിനിടെ 16.5 മി.മീ. മഴ ലഭിച്ചു.

രാജസ്ഥാനിലെ ഗംഗാനഗറിൽ 47 ഡിഗ്രി സെൽഷ്യസ് താപനില രേഖപ്പെടുത്തി.

ലഖ്നൗ, ഫൈസബാദ്, ആഗ്ര എന്നിവിടങ്ങളിലാണ് ചാറ്റൽമഴ ഉണ്ടായത്.

ഈ വേനലിൽ ഏറ്റവും അധികം പേർ മരിച്ചത് യു.പി.യിലാണ്—342.

# ഭരണഘടന സാധു

(1—ാം പേജ് 8—ാം കോളം തുടർച്ച)

ണ് എന്നു കോടതി വിധിച്ചു. മലങ്കര അസോസിയേഷന്റെ ഭരണഘടന അവർക്കും ബാധകമാണ്. എങ്കിലും ക്നാനായ ഭരണഘടന പരിധിക്കകത്തുനിന്നുകൊണ്ട് സഭാ ഭരണഘടന സ്വീകരിച്ചാൽ മതി.

സഭയുടെ പൊതുസ്വത്തുക്കൾ മലങ്കര മെത്രാപൊലീത്തയുടെ അധികാരപരിധിയിലായിരിക്കുമെന്നും കോടതി വിധിച്ചു.

സഭാതർക്കം സംബന്ധിച്ച് കേരള ഹൈക്കോടതി 1990 ജൂണിൽ പ്രസ്താവിച്ച വിധിക്കെതിരെ സമർപ്പിക്കപ്പെട്ട അപ്പീലിലാണ് ബി.പി.ജീവൻറെഡ്ഡിയും എസ്.സി.സെന്നും ചേർന്ന ഭൂരിപക്ഷ വിധിന്യായവും ആർ.എം.സഹായിയുടെ ന്യൂനപക്ഷ വിധിന്യായവും ഉണ്ടായത്. ഇക്കഴിഞ്ഞ ജനവരി—ഫിബ്രവരി മാസങ്ങളിലായി 14 ദിവസക്കാലം നടന്ന വിചാരണയിൽ ഇരു വിഭാഗങ്ങൾക്കും വേണ്ടി പ്രഗല്ഭരായ പല അഭിഭാഷകരും അണിനിരക്കുകയുണ്ടായി.

പാത്രിയാർക്കിസ് വിഭാഗത്തിനുവേണ്ടി കെ.പരാശരൻ, സി.എസ്.വൈദ്യനാഥൻ, പി.വി.തോമസ്, ഇ.ജെ.ഫിലിപ്പ്, ഇ.വി.അബ്രഹാം, വി.പി.യോഹന്നാൻ, റൺജി തോമസ്, കെ.വി.മോഹനൻ, റോയ് അബ്രഹാം എന്നിവരും കാതോലിക്കാ വിഭാഗത്തിന്നുവേണ്ടി എഫ്.എസ്.നരിമാൻ, ആർ.എഫ്.നരിമാൻ, സദറുൽ അനം, കെ.ജോർജ്, സി.ടി.ജോസഫ് എന്നിവരുമാണ് വാദിച്ചിരുന്നത്.

# സ്കൂൾ വിദ്യാർഥികൾ മിന്നലേറ്റു മരിച്ചു

മധുരാന്തകം: കാഞ്ചീപുരത്തെ പച്ചയ്യപ്പാസ് കോളേജിൽ എൻ.സി.സി. ക്യാമ്പിനെത്തിയ രണ്ട് സ്കൂൾ വിദ്യാർഥികൾ തിങ്കളാഴ്ച രാത്രി മിന്നലേറ്റു മരിച്ചു. റാണിപ്പെട്ട് ഡി.എ.വി. സ്കൂളിലെ 13 കാരായ രണ്ടു വിദ്യാർഥികളാണ് തൽക്ഷണം മരിച്ചത്.

# വ്യവഹാരചരിത്രം നീളുന്നു

(1—ാം പേജ് 3—ാം കോളം തുടർച്ച)

ല്ലാ കോടതിയിൽ കേസ് കൊടുത്തത്.

എന്നാൽ കേസുകൾ വിചാരണ ചെയ്യുന്നതിന് കൊച്ചിയിൽ ഒരു പ്രത്യേക കോടതി തന്നെ രൂപീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവിട്ടു. കേസുകളുടെ സ്വഭാവവും നിയമ പ്രാധാന്യവും കണക്കിലെടുത്തുകൊണ്ടായിരുന്നു പ്രത്യേക കോടതി രൂപീകരിച്ചത്. കോട്ടയം കോടതിയിൽ നിലവിലിരുന്ന കേസുകളെല്ലാം തന്നെ പ്രത്യേക കോടതിയിലേക്ക് മാറ്റിക്കൊണ്ട് ഹൈക്കോടതിയും ഉത്തരവിട്ടു.

അതിൽ എട്ടു കേസുകൾ തിരഞ്ഞെടുത്ത് അവയിൽ പ്രത്യേക കോടതി തെളിവെടുത്തു. എന്നാൽ 1979—ൽ സുപ്രീം കോടതിയുടെ ഉത്തരവനുസരിച്ച് കേസുകളുടെ വിചാരണ ഹൈക്കോടതിയിലേക്കു മാറ്റി. ജസ്റ്റിസ് ടി. ചന്ദ്രശേഖര മേനോനായിരുന്നു കേസുകളുടെ ചുമതല. നൂറുകണക്കിന് രേഖകളും സാക്ഷിമൊഴികളും പരിശോധിച്ചുകൊണ്ട് 1980 ജൂണിൽ ജസ്റ്റിസ് ചന്ദ്രശേഖര മേനോൻ വിധി പറഞ്ഞു. അതിനെതിരെ ഉണ്ടായ അപ്പീലിൽ ജസ്റ്റിസ് യു.എൽ. ഭട്ടും ജസ്റ്റിസ് കെ.പി. ബാലനാരായണ മാരാരും ഉൾപ്പെട്ട ഡിവിഷൻ ബെഞ്ചും വിധി പറഞ്ഞു.

പ്രസ്തുത വിധിയെയാണ് പാത്രിയാർക്കീസ് പക്ഷം സുപ്രീം കോടതിയിൽ ചോദ്യം ചെയ്തിരുന്നത്. മലങ്കരയിലെ ഇടവക പള്ളികൾക്ക് സഭാ ഭരണഘടന ബാധകമല്ലെന്ന് ജസ്റ്റിസ് ചന്ദ്രശേഖര മേനോൻ വിധിച്ചിരുന്നു. ഓരോ ഇടവക പള്ളിയും ലൗകിക ഭരണത്തിന്റെ കാര്യത്തിൽ സ്വതന്ത്രമാണ്. ആത്മീയ കാര്യങ്ങളിൽ പള്ളികൾക്കു സ്വീകാര്യരായ ആത്മീയ മേലധ്യക്ഷന്മാരെ ആശ്രയിച്ചു നടത്താം.

കാനോൻ ഏതാണെന്ന് അതതു കേസിൽ തീരുമാനിക്കണമെന്നും ജസ്റ്റിസ് ചന്ദ്രശേഖര മേനോൻ വിധിയിൽ നിർദേശിച്ചിരുന്നു. പാത്രിയാർക്കീസിന് മലങ്കര സഭയിൽ ആത്മീയ അധികാരമുണ്ടെന്നും 1975—ലെ ആകമാന സൂനഹദോസ് നിശ്ചയം അനുസരിച്ച് അവ പാത്രിയാർക്കീസിനു ബാധകമാണെന്നും കാതോലിക്കായ്ക്ക് ബാധകമല്ലെന്നും വിധിയിൽ പറഞ്ഞു.

ഇതിനെതിരെ ഉണ്ടായ അപ്പീലിൽ ഇടവക പള്ളികൾ സഭയുടെ ഭാഗമാണെന്ന് ജസ്റ്റിസ് യു.എൽ. ഭട്ടും ജസ്റ്റിസ് കെ.പി. ബാലനാരായണ മാരാരും ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് വിധിച്ചിരുന്നു.

സഭാ ഭരണഘടന എല്ലാ പള്ളികൾക്കും ബാധകമാണെന്നും വിധിയിൽ ചൂണ്ടിക്കാട്ടി. കാനോൺ ഏതെന്നു തെളിവെടുത്ത് തീരുമാനിക്കേണ്ടതാണ്.

1975—ലെ ആകമാന സൂനഹദോസിന്റെ തീരുമാനങ്ങൾ നിയമാനുസൃതമല്ലെന്നായിരുന്നു മറ്റൊരു പ്രധാന തീരുമാനം.

ക്നാനായ സമുദായം മലങ്കര സഭയുടെ അവിഭാജ്യ ഘടകമാണെന്ന് ജസ്റ്റിസ് ചന്ദ്രശേഖര മേനോൻ വിധിച്ചുവെങ്കിലും അത് കാതോലിക്കായുടെ കീഴിലാണെന്നായിരുന്നു ഡിവിഷൻ ബെഞ്ച് വിധി.

1975—ലെ സൂനഹദോസ് തീരുമാനം അനുസരിച്ച് ഔഗേൻ കാതോലിക്കയെയും കൂട്ടു മെത്രാന്മാരും വേദവിപരീതികളാണെന്നായിരുന്നു തീരുമാനം.

സഭയുടെ പൊതു സ്വത്തുക്കൾ ഭരിക്കുന്നതിനായി കാതോലിക്കാ കക്ഷി തിരഞ്ഞെടുത്ത ട്രസ്റ്റിമാരുടെ കൈകളിലാണെന്നായിരുന്നു 1958—ൽ സുപ്രീം കോടതി വിധിച്ചിരുന്നത്.

## സംതൃപ്തി

കോട്ടയം: സഭാ കേസിൽ ഉണ്ടായ സുപ്രീംകോടതി വിധിയിൽ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്തായും ക്നാനായ സഭാ മേലധ്യക്ഷനുമായ എബ്രഹാം മാർ ക്ലീമ്മീസും ക്നാനായ അസോസിയേഷൻ യോഗവും സംതൃപ്തി പ്രകടിപ്പിച്ചു.

ക്നാനായ സഭയുടെ ആത്മീയാധിപൻ അന്ത്യോഖ്യാ പാത്രിയാർക്കീസ് ആണെന്നും ക്നാനായസമുദായ ഭരണഘടനയ്ക്ക് നിയമസാധുത്വം ഉണ്ടെന്നും വിധിയിൽ നിന്ന് വ്യക്തമാണെന്ന് സഭയുടെ ഒരു പത്രക്കുറിപ്പിൽ പറയുന്നു. ക്നാനായ സഭയുടെ ലൗകികകാര്യങ്ങൾ ക്നാനായ ഭരണഘടനപ്രകാരം നടത്താവുന്നതാണെന്നും സഭയെ സംബന്ധിച്ച മറ്റ് കാര്യങ്ങൾ എല്ലാം സഭയ്ക്ക് തന്നെ നിശ്ചയിക്കാമെന്നും തീരുമാനമായതായി പത്രക്കുറിപ്പിൽ തുടർന്നു പറയുന്നു.

ക്നാനായ സഭയുടെ പരമമേലധ്യക്ഷൻ അന്ത്യോഖ്യാ പാത്രിയാർക്കീസ് ആണെന്നതിൽ സംശയത്തിന് അവകാശമില്ല. ക്നാനായ സഭ എക്കാലവും മലങ്കരസഭയുടെ അവിഭാജ്യഭാഗമാണ്—ചിങ്ങവനത്തെ സഭാകേന്ദ്രത്തിൽ നിന്നും ഫാ. സി. കുര്യൻ അറിയിച്ചു.

കാതോലിക്കാ പക്ഷത്തെ പൂർണമായും എതിർത്തും യാക്കോബായ വിശ്വാസത്തെ അനുകൂലിച്ചുമാണ് ക്നാനായ സഭ കേസ് വാദിച്ചത്.

ഓർത്തഡോക്സ് സഭാ ഭരണഘടനയുടെ ആദ്യഭാഗത്തുതന്നെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മേലധികാരത്തെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ടെന്ന് ഫാ. കുര്യൻ പറഞ്ഞു.

ക്നാനായ സമുദായത്തിനു വേണ്ടി അഡ്വ. ടി.എൽ. വിശ്വനാഥ അയ്യർ, അഡ്വ. ജോസ് കുര്യാക്കോസ്, അഡ്വ. എസ്. ബാലകൃഷ്ണൻ എന്നിവരാണ് കേസ് വാദിച്ചത്.

# 'ദൈവം കൈവിട്ടില്ലെന്നതിന് ...

# —ബസേലിയോസ് മാർത്തോമാ ദ്വിതീയൻ

കോട്ടയം: ദൈവം ഓർത്തഡോക്സ് സഭയെ കൈവിട്ടില്ലെന്നുള്ളതിന്റെ പ്രത്യക്ഷമായ തെളിവാണ് സഭാകേസ് സംബന്ധിച്ചുണ്ടായ സുപ്രീംകോടതി വിധിയെന്ന് പരിശുദ്ധ കാതോലിക്കാ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻബാവാ പ്രസ്താവിച്ചു.

ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാ ശ്ലീഹായുടെ മക്കൾ ഭിന്നത മറന്ന് കൈകോർത്തുപിടിച്ച് സഹകരിച്ചു പ്രവർത്തിക്കണമെന്ന് ബാവ ഉദ്ബോധിപ്പിച്ചു.

'പിതാവേ നീ എന്നിലും ഞാൻ നിന്നിലും ഏകമായിരിക്കുന്നതു പോലെ' എന്ന് കർത്താവ് പ്രാർഥിച്ചത് ഓർത്ത് നാം ഒന്നായിച്ചേരുവാനുള്ള അവസരമാണിത്. നമ്മുടെ ദൗത്യം മറന്നുപോകരുത്.

വിജയാഹ്ലാദത്തിനുള്ള അവസരമല്ല ഇത്. ആരുടേയും വികാരങ്ങളെ വ്രണപ്പെടുത്താൻ ഇടയാകരുത്. സ്നേഹത്തോടും വിനയത്തോടുംകൂടെ എല്ലാവരും പെരുമാറണം—ബാവ ഓർമിപ്പിച്ചു.

ആത്മപ്രഭയിലേക്ക് നയിക്കപ്പെടുവാൻ പ്രചോദനം കൊടുക്കണം. 'സത്യം ജയിക്കും' എന്ന് തന്റെ മുൻഗാമിയായ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവ പഠിപ്പിച്ചത് വിസ്മരിക്കരുതെന്ന് അദ്ദേഹം പറഞ്ഞു.

അടുത്ത ഞായറാഴ്ച വിശുദ്ധ കുർബാനമധ്യേ പ്രത്യേക സ്തോത്രവും സഭയ്ക്കായി പ്രാർഥനയും വേണമെന്ന് അദ്ദേഹം സഭാംഗങ്ങളെ ഓർമിപ്പിച്ചു. ഈ വിധിയിലൂടെ സഭയിൽ ശാശ്വത സമാധാനം കൈവരട്ടെ എന്ന് ബാവ പ്രത്യാശിച്ചു.

## കോടതിവിധി പരിഹാരമാവില്ല—ബിഷപ്പ് പൗലോസ് മാർഗ്രിഗോറിയോസ്

കോട്ടയം: കോടതിവിധി സഭയിലെ തർക്കത്തിന് ഒരിക്കലും ശാശ്വത പരിഹാരമാവില്ലെന്ന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ദില്ലി മെത്രസനാധിപ പദവി ഒഴിഞ്ഞ പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു.

പരസ്പര സ്നേഹത്തോടെ തർക്കങ്ങൾ പറഞ്ഞുതീർക്കുകയാണ് വേണ്ടത്. വഞ്ചനയില്ലാത്ത അനുരഞ്ജന കരാർ ഉണ്ടാക്കണം. അദ്ദേഹം നിർദ്ദേശിച്ചു. കോടതിവിധി പ്രതീക്ഷിച്ച് കഴിഞ്ഞതത് കൊണ്ടാണ് അനുരഞ്ജനചർച്ചയ്ക്ക് സാഹചര്യം ഉണ്ടായിട്ടും അത് പലപ്പോഴും നീട്ടിവെച്ചതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

## ഗുജറാത്ത്: ജില്ലാ—താലൂക്ക് പഞ്ചാ. തിരഞ്ഞെടുപ്പിൽ ബി.ജെ.പി.ക്ക് വൻവിജയം

അഹമ്മദാബാദ്: ഗുജറാത്തിലെ ജില്ലാ—താലൂക്ക് പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ബി.ജെ.പി. വൻവിജയം നേടി. ആകെയുള്ള 761 ജില്ലാ പഞ്ചായത്ത് സീറ്റുകളിൽ 624ഉം ഭരണകക്ഷിയായ ബി.ജെ.പി. കരസ്ഥമാക്കി. കോൺഗ്രസ് ഐ.ക്ക് 116ഉം സ്വതന്ത്രർ 21ഉം സീറ്റുകൾ നേടി.

തിരഞ്ഞെടുപ്പുനടന്ന 3785 താലൂക്ക് പഞ്ചായത്ത് സീറ്റുകളിൽ ബി.ജെ.പി.യുടെ 2565 സ്ഥാനാർഥികൾ വിജയിച്ചു. കോൺഗ്രസ്—ഐക്ക് 902ഉം സ്വതന്ത്രർക്ക് 307 സീറ്റുകളും ലഭിച്ചപ്പോൾ മറ്റു കക്ഷികൾ 8 സീറ്റുകളിൽ ജയിച്ചു. മൂന്നു സീറ്റുകളിലെ തിരഞ്ഞെടുപ്പുഫലം പ്രഖ്യാപിച്ചിട്ടില്ല.

## എം.ബി.ബി.എസ്. പരീക്ഷ ജൂലായ് 3ന്

കോട്ടയം: ഒന്നാംവർഷ എം.ബി.ബി.എസ്. പരീക്ഷ (എം.ജി) ജൂലായ് 3–ന് തുടങ്ങും. അപേക്ഷകൾ ജൂൺ 23 വരെയും 10 രൂപ പിഴയോടെ 26 വരെയും സ്വീകരിക്കും.

### തീയതി നീട്ടി

എം.ജി. യൂണി. എം.എസ്സി. കെമിസ്ട്രി, ബയോ കെമിസ്ട്രി, ഫിസിക്സ്, കമ്പ്യൂട്ടർ സയൻസ്, എം.എ. പൊളിറ്റിക്സ്, ഗാന്ധിയൻ സ്റ്റഡീസ്, എം.ഫിൽ ഇൻ കെമിസ്ട്രി, സ്പെഷ്യൽ എഡ്യൂക്കേഷൻ, റീഹാബിലിറ്റേഷൻ, ബിഹേവിയറൽ മെഡിസിൻ, നഴ്സിംഗ് എന്നീ കോഴ്സുകളിലേക്ക് പ്രവേശനത്തിന് അപേക്ഷിക്കുവാനുള്ള അവസാന തീയതി ജൂലായ് 7 വരെ നീട്ടി.

### വൈവാവോസി

എം.എ. ഫൈനൽ ഇസ്ലാമിക് ഹിസ്റ്ററി (എം.ജി) വൈവാവോസി പരീക്ഷ ജൂലായ് 6–ന് 11 മണിക്ക് എറണാകുളം മഹാരാജാസ് കോളേജിൽ നടക്കും. എം.എസ്സി. ഫൈനൽ ബോട്ടണി (എം.ജി) പ്രാക്ടിക്കൽ/വൈവാവോസി ജൂൺ 26 മുതൽ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കും.

## പ.ബംഗാളിൽ കോൺ.

റ്റർ കെ. കരുണാകരൻപിള്ളയ്ക്കു അദ്ധ്യാപകർക്കുള്ള 94-ലെ ദേശീയ അവാർഡ് ലഭിച്ചു. 1961-ൽ അദ്ധ്യാപകനായ ഇദ്ദേഹത്തിന് 66-ൽ അദ്ധ്യാപന മത്സരത്തിൽ സ്വർണമെഡൽ കിട്ടിയിട്ടുണ്ട്. 88-ൽ അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡും നേടിയിട്ടുണ്ട്. 89-ൽ നല്ല പ്രവർത്തകനുള്ള റോട്ടറി ഇൻറർനാഷണലിൻെറ കൊല്ലം ക്ലബിൻെറ അവാർഡു ലഭിച്ചു.

1991-ൽ പ്രമോഷൻ ലഭിച്ച കരുണാകരൻപിള്ള 92 ജനുവരി മുതൽ പേരൂർ സ്കൂളിൽ ഹെഡ്മാസ്റ്ററാണ്. കൊല്ലം കലയുടെ സെക്രട്ടറിയായ കരുണാകരൻപിള്ള ജൂനിയർ റെഡ്ക്രോസ് കൊല്ലം റവന്യൂ ജില്ലാ സെക്രട്ടറി, ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി ജില്ലാ ജോയിൻറ് സെക്രട്ടറി, സംസ്ഥാന ഭരണസമിതിയംഗം, വൈസ് മെൻ ക്ലബ് പ്രവർത്തകൻ എന്നീ സ്ഥാനങ്ങൾ വഹിക്കുന്നു.

## വിധി സ്വാഗതാർഹം

(ഒന്നാം പേജ് തുടർച്ച)

പ്പിച്ച 94-95 വാർഷിക കണക്കും 95-96 ലേക്കുള്ള ഒരു കോടി 51 ലക്ഷം രൂപയുടെ ബജറ്റും അംഗീകരിച്ചു.

40 ലക്ഷം രൂപ മുടക്കി പണിയുന്ന സ്ലീമീസ് സെൻററിൻെറ മാസ്റ്റർ പ്ലാൻ, സഭയിലെ വൈദികരുടെ പുതുക്കിയ സേവന വ്യവസ്ഥകൾ, കുറിച്ചി വനിതാ മന്ദിരം ഭരണഘടന, ക്നാനായ റസിഡൻഷ്യൽ സ്കൂൾ ഭരണഘടന എന്നിവ യോഗം പാസാക്കി. സമുദായം അപേക്ഷിച്ചിട്ടുള്ള കോളജ് അനുവദിക്കണമെന്ന് ഗവൺമെൻറിനോട് അഭ്യർത്ഥിച്ചു. ഓതറ നസ്രേത്ത് ആശ്രമത്തിൻെറ റിപ്പോർട്ടും കണക്കും ഫാ. കുറിയാക്കോസ് കോലത്ത് അവതരിപ്പിച്ചു. സേവേറിയോസ് വിദ്യാഭ്യാസ ഫണ്ടിൻെറ ട്രസ്റ്റി കെ.എം. ജോസഫ് അവതരിപ്പിച്ച കണക്കുകളും യോഗം പാസാക്കി.

# സഭാകേസ് വിധി

(ഒന്നാം പേജ് തുടർച്ച)

കോടതി വിധി അന്തിമമാണ്. 1938-ൽ പാത്രിയർക്കാ വിഭാഗം മെത്രാപ്പോലീത്തായായ മാർ കൂറിലോസ് ഫയൽ ചെയ്ത അന്യായം സുപ്രീം കോടതിയിലെത്തിയപ്പോഴാണ് 1958-ൽ സുപ്രീം-കോടതിയുടെ ഈ വിധി ഉണ്ടായത്. പാത്രിയർക്കീസിനു മലങ്കര സഭയിൽ ലൗകിക അധികാരങ്ങളൊന്നും ഉണ്ടായിരിക്കില്ലെന്ന് ജസ്റ്റീസ് സഹായിയുടെ വിധിയിൽ പറയുന്നു. കാതോലിക്കാ വിഭാഗം നിലവിൽ വന്നതിനു ശേഷമുള്ള ആത്മീയവും ലൗകികവുമായ അധികാരങ്ങൾ 1934-ലെ സഭാ ഭരണഘടനയ്ക്കു വിധേയമായിരിക്കണം.

അബ്ദുൾ മിശിഹാ പാത്രിയർക്കീസ് 1912-ൽ പുനഃസ്ഥാപിച്ച കാതോലിക്കേറ്റ് നിലനിൽക്കുന്നതാണ്. എല്ലാ ഇടവക പള്ളികളും മലങ്കര അസോസിയേഷൻെറ ആത്മീയവും ലൗകികവുമായ അധികാരത്തിൻകീഴിലായിരിക്കണം. പാത്രിയാർക്കീസിനെയും കാതോലിക്കോസിനെയും ഒരേ വിശ്വാസത്തിലധിഷ്ഠിതവും സമാനവും സ്വതന്ത്രവുമായ രണ്ട് ആത്മീയ കേന്ദ്രങ്ങളുമായി കോടതി അംഗീകരിച്ചു.

പാത്രിയർക്കീസ് വിഭാഗം അംഗീകരിച്ച കാനോൻ അനുസരിച്ച് കാതോലിക്കോസിനെ സഭയിൽനിന്നു മുടക്കാൻ പാത്രിയർക്കീസിന് അധികാരമില്ലെന്നും മുടക്കിക്കൊണ്ടുള്ളനടപടി അസാധുവാണെന്നും കോടതി പറഞ്ഞു. എന്നാൽ

കാനോനെപ്പറ്റി കോടതി തീരുമാനമായിട്ടില്ലെന്ന് ഹൈക്കോടതി വിധി പുനസ്ഥാപിച്ചുകൊണ്ട് ജസ്റ്റിസ് സഹായി പുറപ്പെടുവിച്ച വിധിന്യായം അവസാനിപ്പിക്കുന്നു.

1912-ൽ പുനസ്ഥാപിച്ച കാതോലിക്കോസിനെപ്പറ്റി തർക്കിക്കേണ്ട കാര്യം 1958-ലെ സുപ്രീംകോടതി വിധിക്കുശേഷം പാത്രിയർക്കീസ് വിഭാഗത്തിനില്ല.

പാത്രിയർക്കീസിനെ സിറിയൻ ഓർത്തഡോക്സ് സഭയുടെ ആത്മീയ തലവനായി കോടതി കാണുന്നു. 1934-ലെ ഭരണഘടനപ്രകാരം മലങ്കര സഭ എപ്പിസ്കോപ്പലാണ്.

ആത്മീയതലവൻ പാത്രിയർക്കീസ് ആണെങ്കിലും ക്നാനായ സഭ മലങ്കര സഭയുടെ അവിഭാജ്യ ഘടകമാണെന്ന് കോടതി വ്യക്തമാക്കി.

കാതോലിക്കാപക്ഷത്തിനുവേണ്ടി എഫ്.എസ്. നരിമാൻ, റോഹിൻടൺ നരിമാൻ, കെ. ജോർജ്, ബി.ടി. ജോസഫ് എന്നിവരും പാത്രിയർക്കീസ് വിഭാഗത്തിനുവേണ്ടി കെ. പരാശരൻ, ബി.എസ്. വൈദ്യനാഥൻ, കെ.വി. മോഹൻ, പി.ജെ. ഫിലിപ്പ് എന്നിവരും ഹാജരായി. ടി.എൽ. വിശ്വനാഥയ്യർ, ജോസ് കുര്യാക്കോസ്, എസ്. ബാലകൃഷ്ണൻ, എം.കെ.ഡി. നമ്പൂതിരി എന്നിവർ ക്നാനായ സഭയ്ക്കുവേണ്ടി ഹാജരായി.

1990-ൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് ഏറെക്കുറെ ശരിവയ്ക്കുന്നതാണ് സുപ്രീംകോടതി വിധി.

സഭാ കേസ് വിധിയുടെ പശ്ചാത്തലത്തിൽ സംഘർഷമുണ്ടാകാൻ സാദ്ധ്യതയുള്ള മുളന്തുരുത്തി മാർതോമൻ പള്ളി പരിസരങ്ങളിൽ പോലീസ് ജാഗ്രത പാലിക്കുന്നുണ്ട്. ജില്ലയിലെ സംഘർഷ സാദ്ധ്യതയുള്ള ഓർത്തഡോക്സ് ദേവാലയങ്ങൾക്ക് ആവശ്യമെങ്കിൽ കാവലേർപ്പെടുത്താനാണ് റൂറൽ പോലീസ് സൂപ്രണ്ടുമാർക്ക് ലഭിച്ചിരിക്കുന്ന നിർദ്ദേശം. ഇതുവരെ അനിഷ്ടസംഭവങ്ങളൊന്നു റിപ്പോർട്ട് ചെയ്തിട്ടില്ല.

# 'വിധി അനുരഞ്ജനത്തിനു കാരണമാകണം'

**സ്വന്തം ലേഖകന്മാർ**

Deepika Daily, 21-06-1995

സഭാകേസിൽ ഇന്നലെയുണ്ടായ സുപ്രീംകോടതി വിധിയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ സന്തുഷ്ടി പ്രകടിപ്പിച്ചു.

"വിജയാഹ്ലാദത്തിനുള്ള അവസരമല്ല ഇത്. നമ്മുടെ ദൗത്യം മറക്കരുത്. ആരുടേയും വികാരങ്ങളെ വ്രണപ്പെടുത്തരുത്." അദ്ദേഹം സഭാംഗങ്ങളോടു നിർദേശിച്ചു.

ഈ വിധിയിലൂടെ സഭയിൽ ശാശ്വത സമാധാനം കൈവരുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. അടുത്ത ഞായറാഴ്ച പള്ളികളിൽ വിശുദ്ധകുർബാന മധ്യേ പ്രത്യേക പ്രാർത്ഥന നടത്തണമെന്നും പരിശുദ്ധ കാതോലിക്കാബാവ ഉദ്ബോധിപ്പിച്ചു.

പ്രതികൂല സാഹചര്യങ്ങളെ പ്രാർത്ഥനകൊണ്ടും സഹനശക്തികൊണ്ടും അതിജീവിച്ച പൂർവപിതാക്കന്മാരുടെ മാതൃക പിൻതുടരണമെന്ന് യാക്കോബായ സുറിയാനിസഭാ മെത്രാപ്പോലീത്തൻ കൗൺസിൽ പ്രസിഡന്റ് ഡോ.ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത.

ചരിത്ര പാരമ്പര്യമുള്ള സഭയിലെ വിശ്വാസികൾ വിശ്വാസസത്യത്തിൽ അടിയുറച്ചു നിൽക്കണം.'രഥങ്ങളിലും കുതിരകളിലും ആശ്രയിക്കാതെ' ദൈവത്തിൽ ആശ്രയിച്ചു ക്രിസ്തീയ ജീവിതം നയിക്കണം–കോട്ടയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ ചേർന്ന സിറിയൻ ഓർത്തഡോക്സ് വിശ്വാസ സംരക്ഷണ സമിതിയോഗത്തിൽ അധ്യക്ഷതവഹിച്ചു സംസാരിച്ച അദ്ദേഹം പറഞ്ഞു.

മലങ്കര യാക്കോബായ സുറിയാനി സഭയിലെ കോട്ടയം ഭദ്രാസനത്തിനു കീഴിലുള്ള വൈദീകരുടേയും കൈക്കാരന്മാരുടേയും വിവിധ കമ്മിറ്റി അംഗങ്ങളുടേയും ഭക്തസംഘടനാ ഭാരവാഹികളുടേയും യോഗം നാളെ ഉച്ചകഴിഞ്ഞു രണ്ടിന് സെന്റ് ജോസഫ്സ് കത്തീഡ്രലിൽ ചേരും.

സുപ്രീംകോടതിയുടെ ക്നാനായ സഭയെ സംബന്ധിച്ച വിധിയിൽ സഭാമേലധ്യക്ഷനായ ഏബ്രഹാം മാർ ക്ലിമീസ് മെത്രാപ്പോലീത്തായും ക്നാനായ അസോസിയേഷൻയോഗവും സംതൃപ്തി പ്രകടിപ്പിച്ചു. സുപ്രിംകോടതി വിധിപ്രകാരം ക്നാനായ സഭയുടെ ആത്മീയ അധിപൻ അന്ത്യോക്യാ പാത്രിയർക്കീസ് ആണെന്നും ക്നാനായസമുദായ ഭരണഘടന നിയമസാധുത്വം ഉള്ളതാണെന്നും തീരുമാനമായിട്ടുണ്ട്.

അതനുസരിച്ചു ക്നാനായ സഭയുടെ ലൗകികകാര്യങ്ങൾ സഭാ ഭരണഘടന പ്രകാരം നടത്താവുന്നതാണ്. സഭയെ സംബന്ധിച്ച മറ്റു കാര്യങ്ങളെല്ലാം സഭയ്ക്കു തന്നെ നിശ്ചയിക്കാം.

ക്നാനായ സഭയ്ക്കു വേണ്ടി സുപ്രീംകോടതിയിൽ കേസ് വാദിച്ചത് അഭിഭാഷകരായ ടി.എൽ.വിശ്വനാഥയ്യർ, അഡ്വ.ജോസ് കുറിയാക്കോസ്, എസ്.ബാലകൃഷ്ണൻ, എം.കെ.ഡി.നമ്പൂതിരി എന്നിവരാണ്.

## ദിവസ വിശേഷം

- കൊച്ചിയിൽ ഇന്ന് സ്വകാര്യ ബസ് സമരം.

## പള്ളികളിൽ സംരക്ഷണം ഏർപ്പെടുത്തും

തിരുവനന്തപുരം: സഭാകേസ് സംബന്ധിച്ച സുപ്രീംകോടതി വിധിയെ തുടർന്ന് സംഘർഷസാദ്ധ്യതയുള്ള പള്ളികളിൽ പ്രത്യേക സംരക്ഷണം ആവശ്യമെങ്കിൽ അത് ഏർപ്പെടുത്താൻ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്ക് ഡി.ജി.പി. നിർദ്ദേശം നല്കിയിട്ടുണ്ട്.

ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങൾ തമ്മിലുള്ള തർക്കത്തിൻെറ പേരിൽ കോടതി വിധി വന്നതിനോടനുബന്ധിച്ച് വാഴമുട്ടത്ത് സംഘർഷമുണ്ടായി. അഞ്ചുപേരെ ഗുരുതരമായ പരുക്കുകളോടെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വാഴമുട്ടം പൊൻമേലി ബേബി, ഭാര്യ മറിയാമ്മ, മകൻ റജി, ബേബിയുടെ ജ്യേഷ്ഠൻ ജോണി, ജോണിയുടെ ഭാര്യ ഗ്രേസി എന്നിവരെയാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഓർത്തഡോക്സ് വിഭാഗത്തിൽപ്പെട്ട 100 കണക്കിനാളുകൾ ജാഥയായി താഴൂർക്കടവ് ജംഗ്ഷനിൽപോയി തിരികെയെത്തുമ്പോഴാണ് വീടുകയറി ആക്രമണം ഉണ്ടായത്. ബേബി പാത്രിയർക്കീസ് വിഭാഗത്തിലെ പള്ളി സെക്രട്ടറിയാണ്.





അഴിമതിക്കെതിരേയുള്ള ഇടയലേഖനം പുറത്തിറക്കിക്കൊണ്ട് കോട്ടയം സി.എസ്.ഐ. ബിഷപ്പ്ഹൗസിൽ നടത്തിയ പത്രസമ്മേളനത്തിൽ ബിഷപ്പ് സാം മാത്യു, മാർ ജോസഫ് പൗവത്തിൽ, ഗീവർഗീസ് മാർ ഗ്രിഗോറിയോസ്, തോമസ് മാർ അത്താനാസിയോസ് എന്നിവർ മംഗളം

# ജലസേചനം: മേൻമ ഉറപ്പാക്കാൻ ഒൻപതു കൺട്രോൾ യൂണിറ്റുകൾ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ജലസേചനരംഗത്ത് നിർമാണ പ്രവർത്തനങ്ങളുടെ വേഗം കൂട്ടാനും മേന്മയും കൃത്യതയും ഉറപ്പാക്കാനും സംസ്ഥാനത്ത് ഒൻപത് ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ അനുവദിച്ചു. ഇവ ജൂലൈ ഒന്നിന് പ്രവർത്തിച്ചുതുടങ്ങുമെന്ന് മന്ത്രി ടി. എം.ജേക്കബ് പറഞ്ഞു.

തിരുവനന്തപുരം, കൊട്ടാരക്കര ആ

ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ സ്ഥാപിക്കുന്നതോടൊപ്പം സംസ്ഥാനത്തെ ജലസേചന വകുപ്പിൻെറ പ്രവർത്തന സംവിധാനം പുനഃക്രമീകരിച്ചുവെന്നും മന്ത്രി അറിയിച്ചു. ഇതനുസരിച്ച് ഒരു സർക്കിൾ ഓഫീസും നാലു ഡിവിഷൻ ഓഫീസുകളും 13 സബ്ഡി

രൂപീകരിച്ചു.

നിർമാണ പ്രവർത്തനങ്ങളുടെ മേൽനോട്ടസൗകര്യം കണക്കിലെടുത്ത് തൃശൂർ ഇറിഗേഷൻ ഡിവിഷൻ വിഭജിച്ചു. കടലാക്രമണനിരോധന പ്രവർത്തനങ്ങളും വെള്ളപ്പൊക്ക നിയന്ത്രണ കാര്യങ്ങളും മാത്രം ഇറിഗേഷൻ ഡിവി

ഉത്തരവായി.

ജലസേചന വകുപ്പിലെ എല്ലാ ഡിവിഷൻ ഓഫീസുകളിലും എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ പി.എ. മാർക്കായിരിക്കും ഇനി മുതൽ ഓഫീസിൻെറ ചുമതല. എക്സിക്യൂട്ടീവ് എൻജിനീയർ സ്ഥലത്തില്ലാത്തപ്പോൾ പൊതുജനങ്ങളിൽനിന്ന് പരാ

## എസ്.എ
## മുൻ

കൊച്ചി: ശിവഗിരി ശ്രീനാരായ ധർമ്മ സംഘം ട്രസ്റ്റിൻെറ ഭരണവും ആസ്തികളും 1994 ജൂലൈ 26-ന് തെരഞ്ഞെടുക്കപ്പെട്ട ബോർഡിനെ ഏൽപ്പിക്കാൻ ഹൈക്കോടതി വിധിച്ചു. ഈ ഉത്തരവുപ്രകാരമുള്ള ഭരണമാറ്റം ജൂൺ 28-നകം ഉണ്ടാകുന്നില്ലെങ്കിൽ വിധി നടത്തിപ്പിനുള്ള നടപടി സ്വീകരിക്കാൻ ആറ്റിങ്ങൽ പ്രിൻസിപ്പൽ സബ് കോടതിക്ക് ജസ്റ്റിസ് പി.കെ. ബാലസുബ്രഹ്മണ്യൻ നിർദ്ദേശം നൽകി.

ഹൈക്കോടതിയുടെ ഈ വിധിയോടെ 1994 ഡിസംബർ 25-ന് നടന്ന ബോർഡ് തെരഞ്ഞെടുപ്പ് അസാധുവായി. നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റ് ബോർഡ് നിലനിൽക്കേയാണ് വീണ്ടും തെരഞ്ഞെടുപ്പ് നടത്താൻ തിരുവനന്തപുരം ജില്ലാ കോടതി ഉത്തരവ് പുറപ്പെടുവിച്ചതെന്ന് ഹൈക്കോടതിക്ക് ബോദ്ധ്യപ്പെട്ടു. 1994

## പള്ളി പ്രതിപുരുഷ യോഗം നാളെ

കോട്ടയം: മലങ്കര യാക്കോബായ സുറിയാനി സഭയിലെ കോട്ടയം ഭദ്രാസനത്തിലെ എല്ലാ വൈദികരുടെയും കൈക്കാരന്മാരുടെയും സെക്രട്ടറിമാരുടെയും കൗൺസിൽ അംഗങ്ങൾ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, വർക്കിംഗ് കമ്മിറ്റിയംഗങ്ങൾ, ഭക്തസംഘടനാ ഭാരവാഹികൾ എന്നിവരുടെയും അടിയന്തര യോഗം കോട്ടയം സെൻറ് ജോസഫ്സ് കത്തീഡ്രലിൽ നാളെ ഉച്ചയ്ക്കു രണ്ടുമണിക്കു ഭദ്രാസന മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേരും.

## പരിഭാഷാ

എൻ.പിള്ളയെ പൊന്നാടയണിയിക്കുന്നു നിന്നും ലഭിച്ച ഉപഹാരം നാഷ ഗ്' രംഗത്തവതരിപ്പിച്ചു.

# കോടതി വിധി മാനിക്കും; വിശ്വാസത്തിൽ ഉറച്ചുനിൽക്കും —മാർ ഗ്രിഗോറിയോസ്

കോട്ടയം: 'കോടതി വിധിയെ ഞങ്ങൾ മാനിക്കും. വിധി എന്തു തന്നെയായാലും പിതാക്കന്മാർ പഠിപ്പിച്ച വിശ്വാസ പാരമ്പര്യങ്ങളിൽ നിന്ന് അണുവിട വ്യതിചലിക്കാതെ പ്രവർത്തിക്കും'—സഭാ കേസ് സംബന്ധിച്ച സുപ്രീംകോടതി വിധിയെക്കുറിച്ച് മലങ്കര യാക്കോബായ സുറിയാനി സഭാ ബിഷപ്പ്സ് കൗൺസിൽ പ്രസിഡന്റും കോട്ടയം ഭദ്രസനാധിപനുമായ ഡോ. ഗീവറുഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലീത്ത പ്രതികരിച്ചു.

പിതാക്കന്മാർ ഭരമേല്പിച്ച വിശ്വാസത്തിൽ അടിയുറച്ചുനിന്ന് സഹസ്രാബ്ദങ്ങളുടെ പാരമ്പര്യമുള്ള യാക്കോബായ സഭയുടെ മക്കൾ മുന്നേറണമെന്ന് മെത്രാപ്പൊലീത്ത ഉദ്ബോധിപ്പിച്ചു. ആനുകാലിക പ്രസിദ്ധീകരണങ്ങളിലും വാർത്തകൾ വളച്ചൊടിക്കുന്ന ചില പത്രങ്ങളിലും വരുന്ന വാർത്തകൾ വായിച്ച് സഭാ മക്കൾ തെറ്റിദ്ധരിക്കപ്പെടരുതെന്ന് അദ്ദേഹം മുന്നറിയിപ്പു നൽകി.

ഏതു പരിതസ്ഥിതിയിലും വിശ്വാസത്തിൽ ഉറച്ചുനിന്ന് പീഢകളും രക്തസാക്ഷിത്വവും വരിച്ചവരുടെ സഭയാണ് യാക്കോബായ സഭ. ക്രിസ്തീയ സഭയുടെ വളർച്ചയ്ക്കും നിലനില്പിനും വേണ്ടി ആദ്യ നൂറ്റാണ്ടുകളിൽ ജീവൻവരെ തൃണവൽഗണിച്ചവരുണ്ട്. സഭ നിലനിൽക്കുന്നത് അതുകൊണ്ടാണ്. ഭൗതിക സാഹചര്യങ്ങളോ പള്ളികളുടെ സമ്പത്തോ ലൗകിക ഭരണമോ അല്ല സഭയെ നിലനിർത്തുന്നത്.

അഗ്നി അതിന്റെ ജ്വാലയിൽ നിലനിൽക്കുന്നതുപോലെ സഭ അതിന്റെ പ്രേഷിതവലയിൽ നിലനിൽക്കുമെന്നാണ് ദൈവത്തെയറിഞ്ഞ ശ്രേഷ്ഠപിതാക്കന്മാർ കല്പിച്ചിട്ടുള്ളത്. തിരുവചനത്തിൽ പറയുന്നതുപോലെ, 'ചിലർ കുതിരകളിലും ചിലർ രഥങ്ങളിലും ആശ്രയിക്കുന്നു. നാം നമ്മുടെ ദൈവത്തിൽ ആശ്രയിക്കും'—കോട്ടയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ ചേർന്ന സിറിയൻ ഓർത്തഡോക്സ് വിശ്വാസ സംരക്ഷണ സമിതി വിശേഷാൽ യോഗത്തിൽ മെത്രാപ്പൊലീത്ത വ്യക്തമാക്കി.

പ്രതികൂല സാഹചര്യങ്ങളെ പ്രാർഥനകൊണ്ടും സഹനശക്തി കൊണ്ടും അതിജീവിച്ച് പാരമ്പര്യം പരിരക്ഷിക്കാനും പിതാക്കന്മാരെ പിന്തുടരാനും സഭാംഗങ്ങൾ തയ്യാറാവണം. കേസ്സിലെ ജയാപജയങ്ങളെക്കാൾ പ്രധാനം ആത്മീയതയിലും വിശ്വാസത്തിലും ഉറച്ചുനിൽക്കുക എന്നതാണ്.

സിറിയൻ ഓർത്തഡോക്സ് സഭയുടെ ചരിത്രം മുഴുവൻ പീഢാനുഭവങ്ങളുടെ പുണ്യഗാഥയാണ്. ദൈവം സ്നേഹിക്കുന്നവർക്കുള്ള കുരിശുകളാണ് ഇവയെല്ലാം. ഇവയൊക്കെയിൽ നിന്നും സർവ്വശക്തൻ ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ ഈ വിശിഷ്ട സഭയെ കാത്തുരക്ഷിച്ചുകൊള്ളും—ഡോ. മാർ ഗ്രിഗോറിയോസ് 'മാതൃഭൂമി' യോടു പറഞ്ഞു.

ആദിമ സഭയിലെ പീഢകളുടെ കാലത്ത് രക്തം ചിന്തിയ, പിതാക്കന്മാരുടെ വിശ്വാസസാക്ഷ്യവും ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പരിപാലനവും മാത്രം കൈമുതലാക്കി മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭ നിലനിൽക്കുകയും പ്രവർത്തിക്കുകയും ചെയ്യുമെന്ന് മെത്രാപ്പൊലീത്ത പറഞ്ഞു.

പരിശുദ്ധ പാത്രിയർക്കീസ് ബാവായിൽ അചഞ്ചലമായ കൂറും പരമമേലധ്യക്ഷനോടുള്ള ആദരവും പുലർത്താതെ ആകമാന സുറിയാനി സഭയുടെ മക്കൾക്ക് തുടരാനാവില്ല. തലമുറ തലമുറകളായി പിന്തുടർന്ന ഈ മഹത്തായ പാരമ്പര്യം കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിച്ച് ഞങ്ങൾ വിശ്വാസത്തിൽ വളരുക തന്നെ ചെയ്യും—മെത്രാപ്പൊലീത്ത പറഞ്ഞു നിർത്തി.

## വിധി പഠിക്കാതെ ഒന്നും പറയുന്നില്ല: കാതോലിക്കാ ബാവ

മൂവാറ്റുപുഴ: മലങ്കര സഭാ കേസിൽ സുപ്രീംകോടതി വിധിയെപ്പറ്റിയുള്ള പ്രതികരണമാരാഞ്ഞപ്പോൾ വിധി പഠിക്കാതെ ഒന്നും പറയുന്നില്ലെന്ന് മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ പൗരസ്ത്യ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ പറഞ്ഞു.

വിശുദ്ധ സഭയുടെ അടിസ്ഥാനം വിശ്വാസമാണെന്നും ആ വിശ്വാസം ഭൗതികചിന്തകൾക്കും തീരുമാനങ്ങൾക്കും അതീതമാണെന്നും ജീവിതപോരാട്ടത്തിൽ ദൈവാശ്രയം, സംഘടിത പരിശ്രമം, ഏകാഭിപ്രായം എന്നിവ മുറുകെപ്പിടിക്കുന്നുവെങ്കിൽ നാം സുരക്ഷിതരാണെന്നും തിരുമേനി പറഞ്ഞു.

ആകമാന സുറിയാനി സഭയുടെ ഭാഗമായ മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനികൾ പാത്രിയാർക്കീസ് ബാവയുടെ കീഴിൽ യഥാർഥ സഭയായി തുടരുമെന്നും അതിനുള്ള കർമപദ്ധതികളുമായി മുന്നേറുമെന്നും അദ്ദേഹം അറിയിച്ചു.

ബസ് ജീവനക്കാർക്കെതിരായ മർദനങ്ങളിൽ നടപടി എടുക്കുന്നില്ലെന്ന് ആരോപിച്ച് എറണാകുളം ജില്ലയിൽ സ്വകാര്യ ബസ്സുകൾ പണിമുടക്കും.

ചന്ദനക്കാവ് പമ്പ് ഹൗസിൽ ഒരു മോട്ടോർ കേടായതിനാൽ ആലപ്പുഴ പാലസ് വാർഡിലും മെഡിക്കൽ കോളേജ് ആസ്പത്രി പരിസരങ്ങളിലും ബുധനാഴ്ച ജലവിതരണം ഉണ്ടായിരിക്കുന്നതല്ലെന്ന് വാട്ടർ അതോറിറ്റി അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ അറിയിച്ചു.

## സഭാ കേസ്: യോഗം ഇന്ന്

കൊച്ചി: യാക്കോബായ സഭാ കേസിൽ സുപ്രീം കോടതി വിധി വന്ന പശ്ചാത്തലത്തിൽ സഭയിലെ മെത്രാപ്പോലീത്തമാരുടെയും നേതാക്കളുടെയും ഉന്നതതല യോഗം ബുധനാഴ്ച മൂവാറ്റുപുഴ കാതോലിക്കേറ്റ് അരമനയിൽ ചേർന്ന് ഭാവി പരിപാടികൾ തീരുമാനിക്കും.

വെള്ളിയാഴ്ച അരമനയിൽ സൂനഹദോസ് കൂടും.

## പള്ളി പ്രതിപുരുഷയോഗം

കോട്ടയം: മലങ്കര യാക്കോബായ സുറിയാനി സഭയിലെ കോട്ടയം ഭദ്രാസനത്തിലെ എല്ലാ വൈദികരുടേയും കൈക്കാരന്മാരുടേയും സെക്രട്ടറിമാരുടെയും കൗൺസിൽ അംഗങ്ങൾ, മാനേജിങ് കമ്മറ്റി അംഗങ്ങൾ, വർക്കിംഗ് കമ്മറ്റി അംഗങ്ങൾ, ഭക്തസംഘടനാ ഭാരവാഹികൾ എന്നിവരുടേയും അടിയന്തിര യോഗം കോട്ടയം സെന്റ ജോസഫ്സ് കത്തീഡ്രലിൽ ജൂൺ 22 വ്യാഴാഴ്ച 2 മണിക്ക് ഭദ്രാസന മെത്രാപ്പൊലീത്തായുടെ അദ്ധ്യക്ഷതയിൽ ചേരും.

## എഞ്ചിനീയറിങ് എൻട്രൻസ് പരീക്ഷ 25ന്

കോഴിക്കോട്: വളാഞ്ചേരി എം.ഇ.എസ്. എഞ്ചിനീയറിങ് കോളേജിലെ മാനേജ്മെന്റ് സീറ്റിലേക്കുള്ള മുസ്ലിം അപേക്ഷകരുടെ എൻട്രൻസ് പരീക്ഷ നേരത്തെ നിശ്ചയിച്ചതുപോലെ ജൂൺ 25—ന് കോഴിക്കോട്ടുള്ള എം.ഇ.എസ്. വിമൻസ് കോളേജിൽ നടത്തും.

## ക്നാനായ അസോസിയേഷന് ഒന്നരകോടിയുടെ ബജറ്റ്

കോട്ടയം: നടപ്പ് സാമ്പത്തിക വർഷത്തേക്ക് 1.51 കോടിയുടെ ബജറ്റിന് മലങ്കര സുറിയാനി ക്നാനായ അസോസിയേഷൻ യോഗം അംഗീകാരം നൽകി.

40 ലക്ഷം രൂപ ചിലവഴിച്ച് നിർമിക്കുന്ന ക്ലിമീസ് സെന്റർ മാസ്റ്റർ പ്ലാൻ, സഭയിലെ വൈദികരുടെ പുതുക്കിയ സേവന വ്യവസ്ഥകൾ, കുറിച്ചി വനിതാമന്ദിരം ഭരണഘടന, ക്നാനായ റസിഡൻഷ്യൽ സ്കൂൾ
...ഭരണഘടന എന്നിവയും യോഗം അം
...ഗീകരിച്ചു. ഫാ. കുര്യാക്കോസ് കോ
...ചത്ത് അവതരിപ്പിച്ച ഓതറ നസ്രേ
...ത്ത് ആശ്രമത്തിന്റെ കണക്കും റി

പ്പണം വാങ്ങിയിട്ടില്ലെന്നു കേന്ദ്ര ആരോഗ്യമന്ത്രാലയത്തിനു റിപ്പോർട്ട് നൽകാൻ സംസ്ഥാന ആരോഗ്യസെക്രട്ടറിയോട് ആവശ്യപ്പെട്ടുവെന്നും അദ്ദേഹം അറിയിച്ചു.

കേന്ദ്ര ആരോഗ്യമന്ത്രി എ. ആർ. അന്തുലെയെ കണ്ട രാഘവൻ കണ്ണൂർ മെഡിക്കൽ കോളജിനു എത്രയുംവേഗം അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ടു. പത്തു ദിവസത്തിനകം മെഡിക്കൽ കോളജിനെക്കുറിച്ചുള്ള ഫയൽ സമർപ്പിക്കാൻ ഉദ്യോഗസ്ഥർക്കു കേന്ദ്രമന്ത്രി നിർദേശം നൽകി.

## 'വ്യവഹാരങ്ങളിൽ നിന്ന് പിൻതിരിയണം'

കൊച്ചി: സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ വ്യവഹാരങ്ങളിൽ നിന്നു പിന്തിരിഞ്ഞ് ക്രൈസ്തവാദർശം മുൻനിർത്തി സ്നേഹത്തോടെ പ്രവർത്തിക്കാൻ കാതോലിക്കാവിഭാഗം തയാറാകണമെന്നു പാത്രിയാർക്കീസ് വിഭാഗം സെക്രട്ടറി ഷെവ. ടി. യു. കുരുവിള പത്രക്കുറിപ്പിൽ അഭ്യർഥിച്ചു.

മുളന്തുരുത്തി സുന്നഹദോസിലെ തീരുമാനങ്ങളുടെ അന്തഃസത്ത നിലനിർത്തി സഭയിൽ ഐക്യം പുനഃസ്ഥാപിച്ചു മുമ്പോട്ടു പോകുന്നതിനു വിധിയിൽ വിവരിക്കുന്ന ക്രമീകരണങ്ങൾവഴി സാധ്യമാകുമെന്നു കോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഭരണഘടന ഭേദഗതിചെയ്ത് ഭരിക്കാൻ കോടതി അനുവദിച്ചു. മൂന്നു മാസത്തിനുള്ളിൽ ഭരണഘടനാ ഭേദഗതിയുടെ നക്കൽ ഇരുഭാഗങ്ങളും സുപ്രീംകോടതി മുമ്പാകെ കൊടുക്കണം. കോടതി നൽകുന്ന മാർഗ നിർദേശങ്ങൾ അനുസരിച്ചു ഭരണഘടന ഭേദഗതിചെയ്ത് പുതുക്കിയ ഭരണഘടന. വ്യവസ്ഥകൾക്കു വിധേയമായി മലങ്കര അസോസിയേഷനിലേക്കു തെരഞ്ഞെടുപ്പ് നടത്തണം. ഇപ്രകാരം തെരഞ്ഞെടുക്കുന്ന പുതിയ അസോസിയേഷനു 1934-ലെ ഭരണഘടനയിൽ വിവരിക്കുന്ന എല്ലാ അവകാശാധികാരങ്ങളും ഉണ്ടായിരിക്കുമെന്നും സുപ്രീം കോടതി വിധി പുറപ്പെടുവിച്ചതെന്നും കുരുവിള ചൂണ്ടിക്കാട്ടി.

നാ പദ്ധതിയും തെരഞ്ഞെടുത്തതു

# സഭാക്കേസ് വിധി ഏകകണ്ഠം: കാതോലിക്കാ വിഭാഗം

കോട്ടയം: സമുദായക്കേസിൽ സുപ്രീം കോടതിയിൽ മൂന്നു ജഡ്ജിമാരുടെയും തീരുമാനങ്ങൾ ഒരേതരത്തിലാണെന്നും ഭിന്നാഭിപ്രായങ്ങൾ അല്ലെന്നും പരിശുദ്ധ ബസേലിയസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കെ ബാവ പ്രസ്താവിച്ചു. ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പത്രാധിപന്മാരുടെ യോഗത്തിൽ ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി കാതോലിക്ക ബാവയുടെ സാന്നിധ്യത്തിൽ അഭിഭാഷകനായ കെ. ജോർജാണു വിധിയുടെ വിശകലനം നടത്തിയത്.

കാനോൻെറ ആധികാരികതയെപ്പറ്റി പ്രത്യേകം തീർപ്പു കൽപിച്ചിട്ടില്ല. പാത്രിയർക്കീസിനു കാതോലിക്കയും ആയുള്ള ബന്ധം ഭരണഘടനയിൽ പറയുന്ന കാനോൻ അനുസരിച്ചാണെന്ന് അവിതർക്കിതമാണ്. തന്മൂലം മറ്റുതരത്തിൽ അതേപ്പറ്റി തീരുമാനിക്കേണ്ടതില്ലെന്നു കോടതി കണ്ടു - കെ. ജോർജ് വിശദീകരിച്ചു. പാത്രിയർക്കാ - കാതോലിക്കാ ബന്ധം സംബന്ധിച്ചാണ് ഇരു കാനോനുകളും തമ്മിൽ വ്യത്യാസമുള്ളത്.

പാത്രിയർക്കീസിനു മലങ്കരസഭയോടു ഭരണഘടനാനുസൃതമായ ബന്ധമേ ഉള്ളുവെന്നു വിധി വ്യക്തമാക്കുന്നു. മറ്റുതരത്തിലുള്ള അധികാരങ്ങളോ അവകാശങ്ങളോ മലങ്കരസഭയിൽ അദ്ദേഹത്തിനില്ല. കാതോലിക്കോസ് ആവശ്യപ്പെടുന്നപക്ഷം മാത്രം പാത്രിയർക്കീസിനു മലങ്കരയിലേക്കു മെത്രാന്മാരെ വാഴിക്കാമെന്നു വന്നേക്കാം.

തുടർന്നു കോടതി താഴെപറയുന്നപ്രകാരം തീരുമാനിച്ചു. "കാതോലിക്കേറ്റ് പുനഃസ്ഥാപിച്ച എ. 14 അക്ക കൽപന ഉണ്ടായതുമൂലവും കൂടാതെ 1934 - ലെ ഭരണഘടന അംഗീകരിച്ചതുമൂലവും ഒരുപക്ഷേ, പാത്രിയർക്കീസിൻെറ അധികാരം ശൂന്യതയിലേക്ക് എത്തത്തക്കവണ്ണം കുറയ്ക്കപ്പെട്ടിരിക്കുകയാണ്. എന്നിരുന്നാലും അദ്ദേഹം മലങ്കരസഭ ഉൾപ്പെട്ട സിറിയൻ സഭയുടെ പ്രധാന തലവൻ ആയി തുടരുന്നു. പാത്രിയർക്കീസ് ഒരിക്കലും ലൗകിക അധികാരങ്ങൾ കൈയാളുകയുണ്ടായിട്ടില്ലെങ്കിലും അദ്ദേഹം ആത്മീയമായി കാതോലിക്കോസിനെക്കാൾ മുമ്പനാണ്."

പാത്രിയർക്കീസ് തന്നെ സൃഷ്ടിച്ച മലങ്കര അസോസിയേഷൻ പാസാക്കിയ 1934 - ലെ ഭരണഘടനയുടെ നിയമപ്രാബല്യമോ സാധുതയോ 1958 - ലെ സുപ്രീം കോടതി വിധിക്കുശേഷമുണ്ടായ പ്രവർത്തനങ്ങളുടെയും നടപടികളുടെയും വെളിച്ചത്തിൽ ചോദ്യം ചെയ്യുന്നതിന് അർഹതയില്ലെന്നു കോടതി തീർപ്പു കൽപിച്ചു.

കാതോലിക്കേറ്റിൻെറ പുനഃസ്ഥാപനവും സാധുതയും പാത്രിയർക്കീസ് അംഗീകരിക്കുകയും അതുസംബന്ധിച്ച് അവർക്കുള്ള സകല ആക്ഷേപങ്ങളും പിൻവലിക്കുകയും ഉപേക്ഷിക്കുകയും ചെയ്തതായി കോടതി കണ്ടെത്തി. അതിനാൽ അവർക്കു പിന്തിരിഞ്ഞ് ഇവയെ ചോദ്യം ചെയ്യാവുന്നതല്ലെന്നു കോടതി വിധിച്ചു.

പാത്രിയർക്കീസിനു കാതോലിക്കോസിൻെറമേലും അദ്ദേഹത്തിൻെറ അധികാരസീമയിലും അധികാര അവകാശങ്ങൾ ഇല്ലെന്നു വിധി വ്യക്തമാക്കുന്നു. സഭാ ഭരണഘടന ഇടവകപ്പള്ളികൾക്കു ബാധകമല്ലെന്ന ചിലരുടെ വാദഗതികൾക്കു വിധിയുടെ പിൻബലമില്ലെന്നു വിധിന്യായങ്ങൾ ഉദ്ധരിച്ചു വിശദീകരിച്ചു.

കാതോലിക്കോസിൻെറ മുടക്ക് അസാധുവാണെന്നു കോടതി പ്രഖ്യാപിച്ചു. 1958 - ലെ സുപ്രീം കോടതി വിധിയിൽ പ്രഖ്യാപിച്ചിട്ടുള്ളതുപോലെ സമുദായത്തിൻെറ പൊതുസ്വത്തുക്കൾ മലങ്കര മെത്രാപ്പോലീത്തായിലും മറ്റുള്ളവരിലും നിക്ഷിപ്തമാണ്. സഭാ ഭരണഘടന ഇടവകപള്ളികളുടെ ഭരണത്തിൽ പാലിക്കേണ്ടതാണെന്നു കോടതി തീരുമാനിച്ചു. പാത്രിയർക്കീസ് വാഴിച്ച മെത്രാന്മാരെ സംബന്ധിച്ചു നിരോധന ഉത്തരവുകൾ നിലനിൽക്കുന്നതായി വിശദീകരണത്തിൽ പറയുന്നു.

യർക്കീസിനു മലങ്കരയിലേക്കു മെത്രാന്മാരെ വാഴിക്കാമെന്നു വന്നേക്കാം.

തുടർന്നു കോടതി താഴെപറയുന്നപ്രകാരം തീരുമാനിച്ചു. "കാതോലിക്കേറ്റ് പുനഃസ്ഥാപിച്ച എ. 14 അക്ക കൽപന ഉണ്ടായതുമൂലവും കൂടാതെ 1934 - ലെ ഭരണഘടന അംഗീകരിച്ചതുമൂലവും ഒരുപക്ഷേ, പാത്രിയർക്കീസിൻെറ അധികാരം ശൂന്യതയിലേക്ക് എത്തത്തക്കവണ്ണം കുറയ്ക്കപ്പെട്ടിരിക്കുകയാണ്. എന്നിരുന്നാലും അദ്ദേഹം മലങ്കരസഭ ഉൾപ്പെട്ട സിറിയൻ സഭയുടെ പ്രധാന തലവൻ ആയി തുടരുന്നു. പാത്രിയർക്കീസ് ഒരിക്കലും ലൗകിക അധികാരങ്ങൾ കൈയാളുകയുണ്ടായിട്ടില്ലെങ്കി

Manorama, 30-06-1995

Mathrubhoomi Daily, 07-07-1995

# പാത്രിയാർക്കീസ് വിഭാഗം സഭാ ഭരണഘടനയ്ക്ക് ഭേദഗതി നിർദേശിക്കും

കൊച്ചി: സുപ്രീം കോടതി വിധിയുടെ അന്തഃസത്ത ഉൾക്കൊണ്ട് സമ്പൂർണ ജനാധിപത്യ സ്വഭാവമുള്ള ഭരണ സംവിധാനത്തിന് ഭരണഘടനാ ഭേദഗതി നിർദേശങ്ങൾ കോടതിക്കു സമർപ്പിക്കാൻ മലങ്കര സഭയിലെ പാത്രിയർക്കീസ് വിഭാഗത്തിന്റെ ഭരണ നിർവഹണ സമിതി യോഗം തീരുമാനിച്ചു.

മലങ്കര സഭാ അസോസിയേഷന്റെ ഭരണഘടന സാധുവാണെന്ന് വിധിച്ച സുപ്രീം കോടതി ഡിവിഷൻ ബെഞ്ച്, ഇടവകകളിലെ ജനസംഖ്യക്ക് ആനുപാതികമായി സഭയിൽ പ്രാതിനിധ്യം നൽകുന്നതിന് ഭരണഘടന ഭേദഗതി ചെയ്യണമെന്ന് നിർദേശിച്ചിരുന്നു.

ഇതു സംബന്ധിച്ച് പാത്രിയർക്കീസ് വിഭാഗവും കാതോലിക്കാ വിഭാഗവും യോഗം ചേർന്ന് മൂന്ന് മാസത്തിനകം തീരുമാനം അറിയിക്കണമെന്ന് വിധിന്യായത്തിൽ നിർദേശിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിലായിരുന്നു ഭരണ നിർവഹണ സമിതി യോഗം.

കൊച്ചി എളങ്കുളം സെന്റ് മേരീസ് സൂനോറൊ പള്ളിയിൽ കൂടിയ യോഗത്തിൽ ഡോ. ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത (കോട്ടയം) അധ്യക്ഷത വഹിച്ചു. തോമസ് മാർ ദിവന്ന്യാസ്യോസ് (അങ്കമാലി), ഡോ. തോമസ് മാർ അത്താനാസ്യോസ് (കണ്ടനാട്), യൂഹാനോൻ മാർ മിലിത്തോസ് (തൃശ്ശൂർ), ജോസഫ് മാർ ഗ്രിഗോറിയോസ് (കൊച്ചി) എന്നീ മെത്രാപ്പോലീത്തമാർ പങ്കെടുത്തു.

മദ്രാസിലേയ്ക്ക് പോയ പൗരസ്ത്യ കാതോലിക്കാ ബസേലിയോസ് പൗലൂസ് ദ്വിതിയൻ ബാവായ്ക്കും അമേരിക്കൻ പര്യടനത്തിന് പോയ എബ്രഹാം മാർ സേവേറിയോസ്, യൂഹാനോൻ മാർ ഫീലക്സിനോസ് എന്നിവർക്കും യോഗത്തിനെത്താൻ കഴിഞ്ഞില്ല.

ആകമാന സുറിയാനി സഭയുടെ തലവനായ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിൽ മലങ്കര സഭ നിലകൊള്ളുമെന്നും സഭാ വിശ്വാസവും പാരമ്പര്യവും സംരക്ഷിക്കുമെന്നും ഡോ. ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. ഇടവക പള്ളികളുടെ സ്വാതന്ത്ര്യം സംരക്ഷിക്കാൻ വിശ്വാസികൾ പ്രതിജ്ഞാബദ്ധരായി നിലകൊള്ളണം—മെത്രാപ്പോലീത്ത ആഹ്വാനം ചെയ്തു.

അന്ത്യോഖ്യ പാത്രിയർക്കീസ് 1876—ൽ വിളിച്ചുകൂട്ടിയ ചരിത്ര പ്രസിദ്ധമായ മുളന്തുരുത്തി സുന്നഹദോസാണ് മലങ്കര സഭയിൽ ജനാധിപത്യ ഭരണ പ്രക്രിയയ്ക്ക് തുടക്കം കുറിച്ചതെന്ന് മുഖ്യ പ്രഭാഷണം നടത്തിയ തൃശ്ശൂർ ഭദ്രാസന മെത്രാപ്പോലീത്ത യൂഹാനോൻ മാർ മിലിത്തോസ് പറഞ്ഞു. ഭേദഗതി നിർദേശങ്ങൾ കോടതിയിൽ സമർപ്പിക്കാൻ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത ചെയർമാനും ഫാ. ഏലിയാസ് തോമ്പ്ര കോർ എപ്പിസ്കോപ്പ, ഫാ. ജോർജ് ചാലപ്പുറം, അഡ്വ. ബെഞ്ചമിൻ പോൾ, അഡ്വ. പി.ജെ. ഫിലിപ്പ്, സഭാസെക്രട്ടറി ടി.യു. കുരുവിള, അസി. സെക്രട്ടറി പ്രൊഫ. കെ.പി. തോമസ്, ട്രസ്റ്റി കെ.എ. തോമസ്, വൈദിക ട്രസ്റ്റി പി.പി. ജോസഫ് കോർ എപ്പിസ്കോപ്പ എന്നിവർ അംഗങ്ങളുമായി കമ്മിറ്റിയെ തിരഞ്ഞെടുത്തു.



അർമേനിയൻ സഭയുടെ ... ആർച്ച് ബിഷപ്പ് ആഗാൻ ബലോസിയാനെയും ... പരിശുദ്ധ കാതോലിക്കാ ബാവ ... കോട്ടയം പഴയ സെമിനാരിയിൽ സ്വീകരിച്ചാനയിക്കുന്നു

# ക്രിസ്തീയ സഭകൾ ഐക്യത്തിൽ വളരണം: അർമ്മീനിയൻ ആർച്ച് ബിഷപ്പ്

കോട്ടയം: എല്ലാ പ്രതിബന്ധങ്ങളെയും അവഗണിച്ച് ക്രിസ്തീയ സഭകൾ ഐക്യത്തിലും പരസ്പര സഹകരണത്തിലും വളരണമെന്ന് അർമ്മീനിയൻ സഭയിലെ ആർച്ച് ബിഷപ്പ് മാർ ഔഗേൻ ബലൂസിയോൻ ഉദ്ബോധിപ്പിച്ചു.

ഓറിയന്റൽ സഭകൾ തമ്മിലുള്ള പരസ്പര വിശ്വാസവും എക്യുമെനിക്കൽ സമീപനവും സഹകരണവും വളർത്തേണ്ടതുണ്ട്. ഇത് അതത് സഭകളുടെ സാംസ്കാരിക തനിമയും പാരമ്പര്യവും നിലനിർത്തിക്കൊണ്ടാവണം. കോട്ടയം പഴയ സെമിനാരിയിൽ നല്കിയ സ്വീകരണച്ചടങ്ങിൽ നടത്തിയ പ്രഭാഷണത്തിൽ ബിഷപ്പ് പറഞ്ഞു.

ദൈവശാസ്ത്രപരമായി വ്യത്യസ്തത പുലർത്തുന്ന സഭകൾ പോലും പരസ്പരം വിശ്വാസങ്ങൾ പങ്കിടുകയും അന്യോന്യം സഹകരിക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ക്രിസ്തു എന്ന മഹാവെളിച്ചത്തിന് ഉന്മുഖമായി സഞ്ചരിക്കുന്ന സഭകൾ പരസ്പരം വിദ്വേഷം പുലർത്തരുത്.

അർമ്മീനിയൻ സഭ പുരാതന പാരമ്പര്യമുള്ള വിശ്വാസിസമൂഹമാണ്. എഡി 301ൽ തന്നെ ക്രിസ്തീയത ഒരു ദേശീയ മതമായി അംഗീകരിക്കപ്പെട്ടതാണ്. അർമ്മേനിയൻ ബൈബിൾ തർജ്ജമയെ 'തർജ്ജമകളുടെ റാണി' എന്നാണ് പിതാക്കന്മാർ വിശേഷിപ്പിച്ചിട്ടുള്ളത്. വിശ്വാസത്തിനായി നിരന്തരമായി നിലകൊള്ളുകയും ജീവൻ ത്യജിക്കാൻ വരെ തയ്യാറാവുകയും ചെയ്യുവരുടെ സഭയാണ് തങ്ങളുടേത്—അദ്ദേഹം പറഞ്ഞു.

പരിശുദ്ധ കാതോലിക്കാ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ ബാവാ അധ്യക്ഷത വഹിച്ച യോഗത്തിൽ ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത പ്രസംഗിച്ചു. സെമിനാരി വൈസ് പ്രിൻസിപ്പൽ റവ. ഡോ. കെ.എം. ജോർജ് സ്വാഗതവും ഫാ. ടി.ജെ. ജോഷ്വ നന്ദിയും പറഞ്ഞു.


**M.B.B.S, B.D.S, Engg, B.P.T., BHM, M.B.A, M.C.A, B.Sc (N)**
**ADMISSIONS '95**

We offer proper guidance to get admissions for M.B.B.S, B.D.S, Engg, B.P.T, BHM, B.Sc(N), M.B.A, M.C.A, B.Sc Computer, B.B.M in the State of Maharashtra, Tamil Nadu and Karnataka.

Contact **ad NEWS**
109, Kaniyanthra Towers, SCS Jn, Thiruvalla.
Ph: 23036, 23136(O) 20332(R)

We also Conduct daily trips to Bangalore, Bombay from Thiruvalla.

Life Insurance Corporation of India
ലൈഫ് ഇൻഷൂറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ

സെൻട്രൽ ഓഫീസ്
ഉദ്യോഗത്തിൽനിന്ന് വിരമിച്ച ജീവനക്കാർക്കും
വിരമിച്ചതിനു ശേഷം അന്തരിച്ച ജീവനക്കാരുടെ
കുടുംബാംഗങ്ങൾക്കും ഉള്ള

**അറിയിപ്പ്**

DEPARTMENT OF TELECOMMUNICATIONS
(Providing ... Infrastructure for Nation Building)

ബോംബെ

[illegible] ആൻഡ് ദ ബ്യൂട്ടിഫുൾ 1.30 ദാപ്റവിൻ ഫ്രെ 2.30 റിവിയേര 4.30 സ്വോം വണ്ടർ 5.00 റോബോടെക് 5.30 ടീനേജ് മ്യൂട്ടൻറ് നിൻജ 6.00 ബാറ്റ്മാൻ 7.30 മാഷ് 8.00 റെമിങ്ടൺ സ്റ്റീൽ 9.00 ഡൈനാസ്റ്റി 11.00 ഇന്ത്യ ബിസിനസ്സ് വീക്ക്.

## ബിബിസി

7.55 രാത്രി 7.40 വേൾഡ് ബിസിനസ് റിപ്പോർട്ട് 8.55 രാത്രി 9.55 ഹോളിഡേ 9.30 ന്യൂസ്

## സൺ ടിവി

12.00 കേട്ടപാടൽ 12.30 പാട്ടുക്കുപാട്ട് 1.00 സ്പോർട്ട്സ് ക്വിസ്സ് 1.30 സൂപ്പർ സീൻസ് 2.00 കാതൽരംഗം 2.30 കുക്കറി 3.00 തിരൈമാലൈ 3.30 പൂമാലൈ 4.00 മലരും മൊട്ടും 4.30 നീങ്കൾ കേട്ട പാടൽ 5.30 കവിതൈ കേളുങ്കൾ 4.00 സുഴൽ വിളക്ക് 4.30 തിരുമ്പിപാർ 7.00 സിറപ്പു പറവൈ 7.30 സിനിമാ മലർ 8.00 പുതുപാടൽ 8.30 ടിക് ടിക് ടിക് 9.00 ചലച്ചിത്രം.

[illegible] തിരുവനന്തപുരം: കൊട്ടാരക്കര, ആലപ്പുഴ, കാസർകോട് വിദ്യാഭ്യാസ ജില്ലകൾ വിഭജിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി ഇ.ടി.മുഹമ്മദ്ബഷീർ നിയമസഭയെ അറിയിച്ചു.

പുനലൂർ മധുവിൻെറ സബ്മിഷന് മറുപടി പറയുകയായിരുന്നു അദ്ദേഹം.

ഇതുസംബന്ധിച്ച നിർദ്ദേശം ധനകാര്യവകുപ്പ് പരിശോധിക്കുന്നു.

മുഖ്യമന്ത്രി എ.കെ.ആൻറണിയുടെ അധ്യക്ഷതയിൽ ഇതിനുവേണ്ടി ഉന്നതതല യോഗം ചേരുമെന്ന് മന്ത്രി പറഞ്ഞു.

[illegible] സംബന്ധിച്ച് പിന്നോക്കസമുദായങ്ങളുടെ താല്പര്യം പൂർണമായി സംരക്ഷിക്കുന്ന തീരുമാനമേ സർക്കാർ [illegible] ക്ക് കുരിക്കൾ, കല്ലടി മുഹമ്മദ്, ചെർക്കളം അബ്ദുള്ള എന്നിവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി.

# പാത്രിയാർക്കീസ് വിഭാഗം സഭാ ഭരണഘടനയ്ക്ക് ഭേദഗതി നിർദേശിക്കും

കൊച്ചി: സുപ്രീം കോടതി വിധിയുടെ അന്തഃസത്ത ഉൾക്കൊണ്ട് സമ്പൂർണ ജനാധിപത്യ സ്വഭാവമുള്ള ഭരണ സംവിധാനത്തിന് ഭരണഘടനാ ഭേദഗതി നിർദേശങ്ങൾ കോടതിക്കു സമർപ്പിക്കാൻ മലങ്കര സഭയിലെ പാത്രിയർക്കീസ് വിഭാഗത്തിൻെറ ഭരണ നിർവഹണ സമിതി യോഗം തീരുമാനിച്ചു.

മലങ്കര സഭാ അസോസിയേഷൻെറ ഭരണഘടന സാധുവാണെന്ന് വിധിച്ച സുപ്രീം കോടതി ഡിവിഷൻ ബെഞ്ച്, ഇടവകകളിലെ ജനസംഖ്യക്ക് ആനുപാതികമായി സഭയിൽ പ്രാതിനിധ്യം നൽകുന്നതിന് ഭരണഘടന ഭേദഗതി ചെയ്യണമെന്ന് നിർദേശിച്ചിരുന്നു.

ഇതു സംബന്ധിച്ച് പാത്രിയർക്കീസ് വിഭാഗവും കാതോലിക്കാ വിഭാഗവും യോഗം ചേർന്ന് മൂന്ന് മാസത്തിനകം തീരുമാനം അറിയിക്കണമെന്ന് വിധിന്യായത്തിൽ നിർദേശിച്ചിട്ടുണ്ട്. ഇതിൻെറയടിസ്ഥാനത്തിലായിരുന്നു ഭരണ നിർവഹണ സമിതി യോഗം.

കൊച്ചി എളങ്കുളം സെൻറ് മേരീസ് സൂനോറൊ പള്ളിയിൽ കൂടിയ യോഗത്തിൽ ഡോ. ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത (കോട്ടയം) അധ്യക്ഷത വഹിച്ചു. തോമസ് മാർ ദിവന്ന്യാസ്യോസ് (അങ്കമാലി), ഡോ. തോമസ് മാർ അത്താനാസ്യോസ് (കണ്ടനാട്), യൂഹാനോൻ മാർ മിലിത്തോസ് (തൃശൂർ), ജോസഫ് മാർ ഗ്രിഗോറിയോസ് (കൊച്ചി) എന്നീ മെത്രാപ്പോലീത്തമാർ പങ്കെടുത്തു.

മദ്രാസിലേയ്ക്ക് പോയ പൗരസ്ത്യ കാതോലിക്കാ ബസേലിയോസ് പൗലൂസ് ദ്വിതിയൻ ബാവായും അമേരിക്കൻ പര്യടനത്തിന് പോയ എബ്രഹാം മാർ സേവേറിയോസ്, യൂഹാ[illegible] ഞ്ഞില്ല.



[illegible] ആഗ്ലാൻ ബഫോസിയാനെയും [illegible] കാതോലിക്കാ ബാവ

അർമേനിയൻ സഭയുടെ [illegible] സെമിനാരിയിൽ സ്വീകരിച്ചാനയിക്കുന്നു

M.B.B.S, B.D.S, Engg. B.P.T, BHM, M.B.A, M.C.A, B.Sc (N)
ADMISSIONS '9[illegible]

# പാത്രിയർക്കീസ് വിഭാഗം സഹകരിക്കില്ല

കോട്ടയം: സഭാക്കേസിൽ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ മലങ്കര അസോസിയേഷൻ ഭരണഘടന പരിഷ്കരിക്കുന്നതിനു പരിശുദ്ധ ബസേലിയസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവ നിയമിച്ച സമിതിയിൽ സഹകരിക്കാൻ കഴിയില്ലെന്നു പാത്രിയർക്കീസ് പക്ഷം അറിയിച്ചു.

ബാവ നിയോഗിച്ച 17 അംഗ സമിതിയിൽ പാത്രിയർക്കീസ് വിഭാഗത്തിലെ എട്ടുപേരെ ഉൾപ്പെടുത്തിയതു തങ്ങളോട് ആലോചിക്കാതെയാണെന്നും അതിനാൽ സഹകരിക്കാനാവില്ലെന്നും യാക്കോബായ സഭാ വൈദിക ട്രസ്റ്റി പുളിക്കപ്പറമ്പിൽ പി. പി. ജോസഫ് കോർ എപ്പിസ്കോപ്പ പറഞ്ഞു.

വ്യവസ്ഥകൾ ഇല്ലാതെ സമാധാനത്തിനും യോജിപ്പിനും മലങ്കരസഭയിൽ ഇന്നു സാധ്യതയില്ലെന്നു സെൻറ് ജോസഫ്സ് കത്തീഡ്രലിൽ ചേർന്ന യാക്കോബായ സഭയിലെ കോട്ടയം ഭദ്രാസന വൈദികരുടെ യോഗത്തിൽ അദ്ദേഹം പറഞ്ഞു.

ഡോ. ഗീവർഗീസ് മാർ ഗ്രിഗോറിയോസ് ആധ്യക്ഷ്യം വഹിച്ചു. മലങ്കരസഭാ പ്രശ്നങ്ങൾക്കു ശാശ്വത പരിഹാരം ഉഭയസമ്മത പ്രകാരമുള്ള ചർച്ചകളാണെന്നു മെത്രാപ്പോലീത്ത പറഞ്ഞു.

ഇട്ട്യേടത്തു കുര്യാക്കോസ് കോർ എപ്പിസ്കോപ്പ, മൂലയിൽ കുര്യാക്കോസ് കോർ എപ്പിസ്കോപ്പ, ഫാ. മാത്യൂസ് തുരുത്തേൽ, ഫാ. ആർ. വി. മർക്കോസ്, ഫാ. തോമസ് കെ. ഇട്ടി, ഫാ. ബാബു പറയരുകുളം, ഫാ. തോമസ് പതിയാക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

Manorama Daily, 21-07-1995